# ജാമക്കാരൻ
# JAMAKKARAN

VOLUME - 4 Reg NO.TNBIL/2016/70171 ISSUE -1

JANUARY- 2020 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=


**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com




കർത്താവിൻ പ്രിയരെ,

നിങ്ങൾക്ക് എല്ലാപേർക്കും നവവത്സരാംശകൾ. നമ്മുടെ ദേശത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെ അടിസ്ഥാനമാക്കി എന്റെ എഡിറ്റോറിയൽ ഞാനെഴുതുന്നു. നാമെല്ലാവരും ഇന്ത്യക്കാരാണ്. നമ്മുടെ ഇന്ത്യ ദേശത്തെക്കുറിച്ച്, ഭരണത്തെക്കുറിച്ച്, ഭാവിയെക്കുറിച്ച് പ്രാർത്ഥിക്കാൻ ദൈവത്താൽ വിളിക്കപ്പെട്ടവരാണ്. യെഹെ 22:30, യെഹെ 9:4.

## നീതിയുള്ള ന്യായാധിപതി വരുന്നു.

## അയോദ്ധ്യയുടെ വിധി

കഴിഞ്ഞ മാസം ജാമക്കാരനിൽ ഇന്ത്യയെ ഭരിക്കുന്ന കാവി കക്ഷിക്കാർ ഇന്ത്യയുടെ എല്ലാ വകുപ്പുകളേയും തന്റെ കൈവശത്തിൽ പ്രത്യേകമായി, ഇന്ത്യൻ രാഷ്ട്രപതി അവർകളുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള വകുപ്പായ, പ്രധാനമന്ത്രിക്ക് തലയിടാൻ കഴിയാത്ത, തനിച്ച് പ്രവർത്തിക്കുന്ന പ്രത്യേക വകുപ്പുകളായ, റിസർവ്വ് ബാങ്ക്, ചീഫ് ഇലക്ഷൻ കമ്മീഷൻ, സുപ്രീംകോടതി, സി.ഐ.ടി ഹെഡ് ഓഫീസ്, ഇൻകം ടാക്സ് പോലെയുള്ള ഉയർന്ന അധികാരമുള്ള വകുപ്പുകളെ തന്റെ കൈക്കുള്ളിൽ കൊണ്ടു വന്നതായി പറയുന്നു. ഇങ്ങനെയെങ്കിൽ ഇന്ത്യയുടെ ഇപ്പോഴത്തെ അവസ്ഥ വളരെ ആപത്തായ ഘട്ടത്തിൽ കൂടി കടന്നു പോകുന്നു എന്നു തന്നെ പറയാം.

ഉദാഹരണത്തിന് ഒരു സംഭവം പറയാം, ശ്രീ. ശേഷൻ അവർകളെ ഇന്ത്യയുടെ ചീഫ് ഇലക്ഷൻ കമ്മീഷണറായായി നിയമിച്ച ഉടൻ അദ്ദേഹം എടുത്ത നടപടികളെ ലോകരാഷ്ട്രങ്ങൾ ആശ്ചര്യത്തോടെ ശ്രദ്ധിച്ചു നോക്കി. ശ്രീ. ശേഷൻ സ്ഥാനമേറ്റ രണ്ടാമത്തെ ആഴ്ചയിൽ തന്നെ അന്നത്തെ പ്രധാനമന്ത്രി ശ്രീ നരസിംഹറാവു അവർകൾ ശ്രീ ശേഷനോട് തന്നെ നേരിട്ടു വന്നു കാണാൻ മെസേജയച്ചു. ശ്രീ ശേഷനവർകൾ ഒട്ടും വിമുഖത കാണിക്കാതെ ഇന്ത്യൻ നിയമപ്രകാരം പ്രധാനമന്ത്രിയാണ് എന്നെ വന്ന് നേരിൽ കാണേണ്ടത്, ഞാൻ പ്രധാനമന്ത്രിയുടെ കീഴിലല്ല. അതേ സമയം ഇന്ത്യൻ രാഷ്ട്രപതി വിളിച്ചാൽ പോകാൻ ബാധ്യസ്ഥനാണ്. രാഷ്ട്രപതിയ്ക്ക് മാത്രമേ എനിക്ക് കല്പന ഇടാൻ കഴിയുകയുള്ളൂ എന്ന് പ്രധാനമന്ത്രിക്ക് മറുപടി കൊടുത്തു. ശേഷന്റെ ഈ ധൈര്യം കണ്ട് സെൻട്രൽ ഗവൺമെന്റ് അധികാരികൾ നടുങ്ങി പോയി. തന്റെ അധികാരം എന്ത്? തന്റെ അധികാരത്തിന്റെ വരമ്പെന്ത്? എന്ന് അറിയാൻ വേണ്ടി താൻ സ്ഥാനമേറ്റ മൂന്നു ദിവസങ്ങൾ ഒരു ഫയലിലും ഒപ്പുവച്ചില്ല. തന്റെ അധികാരത്തെ കുറിച്ചുള്ള നിയമ ചട്ടങ്ങളെ പഠിയ്ക്കാൻ വേണ്ടി ആ മൂന്നു ദിവസം ഉപയോഗിച്ചു. എന്നാൽ ഇപ്പോൾ ഉള്ള കാവി കക്ഷി വന്ന ഉടൻ തന്നെ എല്ലാം തലകീഴായി മാറി പോയി. പ്രത്യേകമായി രണ്ട് വ്യക്തികൾ എന്ത് വിചാരിക്കുന്നുവോ, അതിൻപ്രകാരം മേലെ കാണിച്ചിരിക്കുന്ന സകല വകുപ്പുകളും, തങ്ങളെ അനുസരിക്കണമെന്നുള്ള വിധത്തിൽ അവരുടെ കൈക്കീഴിൽ കൊണ്ടുവന്നതായി അറിയാൻ കഴിയുന്നു.

ഈ ഇരുവരോടു ചേർന്ന് സകല കാവികക്ഷിക്കാരേയും നിയന്ത്രിക്കുന്നത് ആർ.എസ്.എസ് എന്ന ഹിന്ദുമത പ്രസ്ഥാനമാണ്. 1925–ാം വർഷം ആരംഭിച്ച ആർ.എസ്.എസ് എന്ന പ്രസ്ഥാനം, തുടങ്ങിയ അന്നുതന്നെ ഇന്ത്യ മുഴുവനും ഹിന്ദു രാഷ്ട്രമായി മാറ്റേണം എന്ന തീരുമാനത്തോടെ തങ്ങളുടെ രഹസ്യ പദ്ധതി മൂലം ആദ്യമായി ഒരു കൊലയിൽ തുടങ്ങി വച്ചു. 1–ാമത്തെ കൊലയായി തങ്ങളുടെ ഹിന്ദുത്വ പദ്ധതിയിയെ നടപ്പിലാക്കാൻ രാഷ്ട്ര പിതാവായ മഹാത്മഗാന്ധിയവർകൾ തടസ്സം നില്ക്കുമെന്ന് അവർ കരുതി ആർ.എസ്.എസ് പ്രവർത്തകനായ ഗോഡ്സേയെ കൊണ്ടു ഗാന്ധിജിയെ വെടിവെച്ച് കൊന്ന് ആദ്യത്തെ പദ്ധതിയെ നിറവേറ്റി. അതിനാലാണ് ആർ.എസ്.എസ് ഒരു ഹിന്ദു തീവ്രവാദ പ്രസ്ഥാനമാണെന്ന് പറഞ്ഞ് പിൽകാലത്തിൽ ഇന്ത്യ ഗവൺമെന്റ് ആർ.എസ്.എസ് പ്രസ്ഥാനത്തെ തടസ്സം ചെയ്തത്.

ആ പ്രസ്ഥാനത്തിലുള്ളവരെല്ലാം ഉയർന്ന ജാതിക്കാരായിരുന്നു. ശ്രീ. മോഡിയവർകൾ ചായക്കടയിലെ ജോലിക്കാരനായ ഒരു സാധാരണക്കാരനായിരുന്നു എന്നാണ് വെളിയിൽ അറിയപ്പെട്ടത്. എന്നാൽ അദ്ദേഹം ഉയർന്ന ജാതിയിൽപ്പെട്ടവനാണെന്നാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്.

ആർ. എസ്. എസ് പ്രസ്ഥാനത്തിന്റെ രണ്ടാമത്തെ പദ്ധതിയാണ് രാമജൻമ ഭൂമി വ്യവഹാരം. അവിടെ രാമന്റെ അമ്പലം കെട്ടുന്നതിന് ഇവരുടെ പരമ ശത്രുക്കളായ മുസ്ലീങ്ങളുടെ ബാബറി മസ്ജിതിനെ ഇടിയ്ക്കണം.

അന്നത്തെ കാലത്ത് കോൺഗ്രസ് പാർട്ടിയാണ് ഭരിച്ചുകൊണ്ടിരുന്നത്. ഈ പ്രത്യേക മതവിഭാഗത്തിന്റെ ആരാധന സ്ഥലത്തെ ഇടിയ്ക്കുന്നത് സാധാരണ കുറ്റമല്ല . അത് എങ്ങനെയായാലും ഇടിയ്ക്കുമെന്ന് അന്നത്തെ ഭരണാധികാരിയായിരുന്ന പ്രധാനമന്ത്രി നരസിംഹറാവുവിന് നന്നായിട്ടറിയാമായിരുന്നു. നരസിംഹറാവു അവർകൾ രാമഭക്തനായിരുന്നു. അതുകൊണ്ട് മുസ്ലീം പള്ളി ഇടിയ്ക്കാൻ പോയ കർസേവകരെ തടഞ്ഞു നിർത്താൻ ശ്രമിച്ചില്ല മാത്രമല്ല ആരോടും ചിരിക്കുകയോ സംസാരിക്കുകയോ ചെയ്യാത്ത പ്രധാനമന്ത്രി മൗനമായിപ്പോയി.

ആർ. എസ്. എസ് പ്രവർത്തകരിൽ മുഖ്യ തലവൻമാർതന്നെ കട്ടപാര എടുത്ത് ബാബറി മസ്ജിദിനെ തകർത്തത് വീഡിയോയിൽ എടുത്തു. ആ വ്യവഹാരം കോടതി വരെ ചെന്ന് അവസാനമായി സുപ്രീം കോടതിയിൽ വന്നുചേർന്നു

## സുപ്രീം കോടതി വിധി

സുപ്രീംകോടതി പറഞ്ഞ വിധിയെക്കുറിച്ച് അഭിപ്രായം പറയാൻ പാടില്ല ഞാനും ഈ വിധിയെക്കുറിച്ച് അഭിപ്രായം പറയാൻ ആഗ്രഹിക്കുന്നില്ല. എ.ന്നാൽ നിമപ്രകാരം ബാബറി മസ്ജിത് ഇടിയ്ക്കപ്പെട്ട കേസിൽ വിചാരണ കഴിഞ്ഞ നിലയിൽ ആദ്യത്തെ കേസായി ബാബറി മസ്ജിത് തകർക്കപ്പെട്ടതിന്റെ വിധി അറിയിച്ചതിന് ശേഷം രാമജന്മ ഭൂമിയെപ്പറ്റിയുള്ള വിധി പറഞ്ഞിരുന്നാൽ ജനങ്ങൾ സംശയിക്കില്ലായിരുന്നു.

ലോക ജനത്തിന്റെ കൺമുൻപിൽ സകല തെളിവോടും മസ്ജിത് ഇടിച്ചവർക്ക് ശിക്ഷ എന്ന് വിധി പറഞ്ഞിരുന്നെങ്കിൽ അതിലൊരു ന്യായമുണ്ടായിരുന്നു എന്നു പറയാമായിരുന്നു. അതു മാത്രമല്ല ഇതിന്റെ വിധി രാമജന്മഭൂമിയുടെ വിധിയെയും മാറ്റിയിരിക്കുമെന്ന് ഒരു റിട്ടയേർഡ് ന്യായാധിപതി പറഞ്ഞതായി ഞാൻ കേട്ടു.

## രാമജന്മഭൂമിയെക്കുറിച്ചുള്ള വിധിയിൽ ഉയരുന്ന ചോദ്യങ്ങൾ

മൊത്തം 5 കേസുകൾക്ക് അവസാന വിധി പറയുമെന്ന അറിയിച്ചു. അതിൽ ഒന്നാണ് ശബരിമലയ്ക്ക് സ്ത്രീകൾ ആണുങ്ങളെപ്പോലെ പോയി ദർശനം നടത്താൻ അവകാശം ഉണ്ടോ ? എന്നത്. അതിന് കൊടുത്ത വിധി സ്ത്രീകൾക്ക് പോകാൻ അവകാശം ഉണ്ട്. അവരെ തടസ്സം ചെയ്യാൻ പാടില്ല എന്നു പറഞ്ഞിട്ട് അയ്യപ്പന്റെ അമ്പല വ്യവഹാരം അവരവരുടെ ദൈവങ്ങളെ ആരാധിക്കുന്നവരുടെ വിശ്വാസത്തെ സംബന്ധിക്കുന്ന വിഷയമാകുന്നു. അതുകൊണ്ട് 7 അംഗങ്ങളുള്ള കോടതി ബഞ്ച് അതിനെക്കുറിച്ച് തീരുമാനിക്കുമെന്ന് മേൽനോട്ടമായി വിധി പറഞ്ഞാൽ എന്ത് അർത്ഥം ? ഒന്നും മനസ്സിലാകുന്നില്ല എന്ന് കേരള മന്ത്രിമാരിൽ ഒരാൾ പറഞ്ഞതായി വാർത്ത വന്നു.

അതേ ദൈവവിശ്വാസം സംബന്ധപ്പെട്ട വിഷയത്തിന്റെ അടിസ്ഥാന ത്തിൽ തന്നെയാണ് ബാബരി മസ്ജിത് തകർക്കപ്പെട്ടത്. സമയത്തിനൊത്ത മാറ്റത്തെ ഈ വിഷയത്തിലും ജനങ്ങൾ പ്രതീക്ഷിക്കുന്നത് ന്യായമാണല്ലോ. ബാബരി മസ്ജിത് തകർത്തു എന്ന് എഫ്. ഐ. ആറിൽ പറഞ്ഞിട്ടുണ്ട്. രമാന് ക്ഷേത്രം പണിഞ്ഞേ പറ്റൂ എന്ന് പല വർഷങ്ങൾക്കു മുൻപ് ആർ. എസ് എസ് പ്രസ്ഥാനത്താൽ തീരമാനിച്ച ഏർപ്പാടാണ്.

- ☐ 5 ന്യായാധിപതികളും ഏകമനസ്സോടെ എഴുതിയ വിധി എന്നു പറഞ്ഞിട്ടുണ്ടെന്നാലും 5 ന്യായാധിപതികൾ ഒരോരുത്തരും എഴുതിയ വിധി കുറിപ്പ് എവിടെ ? ഈ 5 ന്യായാധിപന്മാരും വേറെ വേറെ കേസുകളിൽ വ്യത്യസ്തമായ വിധികളെ അവരോരുത്തരും പുറപ്പെടുവിച്ചു എന്നു പറയപ്പെടുന്നു.
- ☐ രണ്ടാമത്തെ വേറൊരു ന്യായാധിപൻ ശ്രീ ബാബ്ഡെ അവർകൾ ഇപ്പോൾ ഇദ്ദേഹമാണ് (ചീഫ് ജഡ്ജ്) ഇദ്ദേഹം ഒരു തീവ്ര രാമഭക്തനും, ഹനുമാൻ ഭക്തനുമാണ്. ഇന്ത്യയിൽ എവിടെയെല്ലാം ഹനുമാന്റെ വിഗ്രഹമുണ്ടോ അവിടെയെല്ലാം പോയി പൂജ നടത്തുന്ന ആളാണ്.
- ☐ മൂന്നാമത്തെ ന്യായാധിപതി: അശോക് ബൂഷൻ അയോദ്ധ്യയിൽ ജനിച്ചു വളർന്ന ആളാണ്.
- ☐ നാലാമത്തെ ന്യായാധിപതി: ചന്ദ്രചൂഢ് അവർകൾ
- ☐ അഞ്ചാമത്തെ ന്യായാധിപതി ശ്രീ. അബ്ദുൾ നസീർ, ഇവർ ഇരുവരും പോസിറ്റീവ് ചിന്തയുള്ളവരാണ്. ഇവർ ഇരുവരുടേയും വിധികളിൽ പല കേസുകളിൽ വന്ന വിധി അവരുടെ ചിന്താഗതിയുടെ അടിസ്ഥാനത്തിൽ ആയിരുന്നു.

അതുകൊണ്ട് 5 ന്യായാധിപതികളും വിധിപറയുന്നതുവരെ ഒരേ ചിന്താഗതിയുള്ളരായിരുന്നില്ല. അവരവരുടെ മത വിശ്വാസവും വ്യത്യാസമായിരുന്നു. ഇവരും മനുഷ്യരാണ്. മനുഷ്യ ചിന്താഗതിയിൽ വെറുപ്പും താല്പര്യവും ഉള്ളവർ തന്നെയായിരുന്നു. ആദ്യത്തെ മൂന്ന് ജഡ്ജിമാരുടെ വിധി ഒരേപോലെ ആയിരുന്നാലും ദൈവ വിശ്വാസമില്ലാത്തവരാണെന്ന് പലരുംപറയപ്പെടുന്ന വേറെ രണ്ട് ജഡ്ജ് ജഡ്ജ്മാരുടെ വിധി വ്യത്യാസമായി ഇരുന്നിട്ടുണ്ടാകും എന്ന് നിയമപണ്ഡിതന്മാർ കണക്കാക്കുന്നു.

500 വർഷങ്ങളായി മുസ്ലീം ജനങ്ങൾ ആരാധിച്ച മസ്ജിത് യഥാർത്ഥ തെളിവായി വാദിച്ച വക്കീലന്മാർക്ക് അറിയില്ലയോ? ഹിന്ദുമത പുരാണത്തിൽ കാണപ്പെടുന്ന ഹിന്ദു ജനങ്ങളുടെ ഊഹത്തിന്റെ അടിസ്ഥാനത്തിലും, വിശ്വാസത്തിന്റെ അടിസ്ഥാനത്തിലും ഇവിടെത്തന്നെയാണ് അവർ പിറന്നതെന്ന് തെളിവില്ല. ഹിന്ദുമത ദൈവകഥകളിൽ തെറ്റായ വാദത്തെ കോടതിയിൽ സമർപ്പിച്ച വക്കീലൻമാർ വാദിച്ചതിനെ കുറിച്ച് മുസ്ലീം ജനങ്ങൾ മാത്രമല്ല ഇന്ത്യയിലെ പൊതുജനങ്ങളും കൂടെ ഇങ്ങനെയുള്ള വിധിയെക്കുറിച്ച് തൃപ്തിയില്ലാത്ത വകയിൽ സംസാരിച്ചത് ഇന്ത്യയിലൂടെ മുക്കാൽ ഭാഗം നഗരങ്ങളിൽ തീവണ്ടി യാത്രകളിൽ കേൾക്കാൻ ഇടയായതിൽ ഒത്തിരി ചോദ്യങ്ങൾ ഉയരുന്നുണ്ട്.

500 വർഷം മസ്ജിത് ഇവിടെ ഉണ്ടായിരുന്നു എന്നതിനു തെളിവില്ലയോ? അല്ലെങ്കിൽ രാമൻ ഇവിടെത്തന്നെയാണോ ജനിച്ചത് എന്ന വിശ്വാസം ഊഹവും ശരിയായ തെളിവാണോ ? ഈ സംശയം പലരിലും ഉയരാൻ കാരണം വിധി പറഞ്ഞ നീതിപതി അവർകൾ കണിശക്കാരൻ ആയിരുന്നു. മാസങ്ങൾക്കു മുൻപ് ഒരു സ്ത്രീകൊടുത്തപരാതി കേസ് സ്ത്രീ പെട്ടെന്ന് പിൻവലിച്ചു. എന്ത് കൊണ്ട് ആ കേസ് പിൻവലിച്ചു എന്ന വിവരം മീഡിയയിൽ പുറത്തു വിടാത്തതെന്തുകൊണ്ട് ?

1985–ാം വർഷത്തിൽ രഘുവീർദാസ് എന്ന രാമ ഭക്തൻ ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് രാമന്റെ ശിലയെ ബാബരി മസ്ജിതിന്റെ മദ്ധ്യത്തിൽ വച്ച് പൂജിച്ചു എന്നതുകൊണ്ടു മാത്രം രാമക്ഷേത്രം ആ ഭൂമിയ്ക്കടിയിൽ ഉണ്ടായിരുന്നു എന്ന് തെളിവായി എടുക്കാൻ പറ്റുമോ?

മുസ്ലീമുകളിൽ മൂന്നു വിഭാഗക്കാർ ഉണ്ട്. ഭൂരിപക്ഷമായ രണ്ട് വകയിൽപ്പെട്ട മുസ്ലീങ്ങൾ വിധിയെ എതിർത്ത് വീണ്ടും അപ്പീൽ കൊടുത്തതും മുകളിൽ പറഞ്ഞ സംശയങ്ങളും ഇതുവരെ നാം കേട്ടതുമായ എല്ലാത്തിന്റെയും

പരിഹാരത്തിൽ ചോദ്യചിഹ്നത്തോടെ നിർത്തുന്നത് നിശ്ചയമായും ചിലർ ആഗ്രഹിക്കില്ല.

**ആർ. എസ്. എസിന്റെ അടുത്ത പദ്ധതി**

പൊതു സിവിൽ ചട്ടം ഇത് ഇന്ത്യയിൽ തീർച്ചയായും കൊണ്ടുവരണം എന്ന വൈരാഗ്യത്തോടെ തുടങ്ങിക്കഴിഞ്ഞു. ഇനിമേൽമുസ്ലീമുകളും, ക്രിസ്ത്യാനികളും ഈ പൊതു ചട്ടത്തിന് കീഴടങ്ങി എല്ലാവരും ഒരുപോലെ ആയിരക്കണക്കിന് ദൈവങ്ങളെ ആരാധിക്കുന്നവരെ ഒരേ ദൈവത്തെ വണങ്ങാൻ നിർബന്ധിക്കുന്ന ഒരു ആപത്ത് താമസിയാതെ വരാൻ പോകുന്നു. ഇത് ഇന്ത്യയുടെ ഏകത്വത്തിന് പാത കാട്ടുമോ ?

ഇന്ത്യൻ ജനതയ്ക്കുണ്ടായിരുന്ന അവസാനത്തെ പ്രതീക്ഷ സുപ്രീംകോർട്ടാണ്. അതിന്മേലുള്ള വിശ്വാസം സമീപത്തിലുണ്ടായ വിധി തകർത്തുകളഞ്ഞു. ആർ. എസ്. എസ് വിജയിച്ചു.

ആർ. എസ്. എസ് കാവി കക്ഷി ഇവർ രണ്ടുപേരും വിചാരിച്ചാൽ എങ്ങനെയുള്ള വിധിയേയും മാറ്റിയെഴുതാൻ കഴിയും. കോടതി വിധികൾ തിരുത്തി എഴുതാം എന്ന അവസ്ഥ വന്നാൽ ??????

**നീതിയുള്ള ന്യായാധിപതി**

ഇതാവരുന്നു ലോകത്തെ ന്യായവിധിയ്ക്കുന്ന നീതിയുള്ള ന്യായാധിപതി അവൻ പക്ഷപാതം ഇല്ലാത്തവൻ തെറ്റു ചെയ്തവരെ ശിക്ഷിക്കുന്നവൻ പാപം ചെയ്യുന്നവരെ മാത്രമല്ല ക്രിസ്തീയ വേദപുസ്തകത്തിൽ അന്നത്തെ കാലത്ത് അന്യായമായി വിധി പറഞ്ഞ ന്യായാധിപതികളെയും ശിക്ഷിച്ച അതേ ദൈവം ലോകത്തിൽ തെറ്റായ വിധി പറഞ്ഞവർ ആരായിരുന്നാലും നീതിയുടെ ന്യായാധിപതി അവരെ ശിക്ഷിയ്ക്കാതെ വിടുകയില്ല. ഈ നീതിയുള്ള ന്യായാധിപതി സകല ചരാചരങ്ങളേയും സൃഷ്ടിച്ചവനും, സർവ്വ ജ്ഞാനിയും, മനുഷ്യരുടെ ഹൃദയത്തിലുള്ള ചിന്തകളെ അറിയുന്നവനും ആകുന്നു.

അവന്റെ ന്യായപീഠത്തിന്റെ മുമ്പിൽ ലോകത്തിലുള്ള എല്ലാവരും, ന്യായാധിപതി ഉൾപ്പെടെ നിന്നേ പറ്റൂ.

ആ ന്യായാധിപതിയുടെ വരവിന്റെ താമസത്തിന് കാരണം ലോകത്തിൽ ഇനിയും ചിലരെങ്കിലും മാനസാന്തരപ്പെടണം എന്ന ദൈവത്തിന്റെ അളവില്ലാത്ത മനസ്സലിവാണ് (2 പത്രോസ് 3:9)

സത്യമേവ ജയതേ ഇത് എല്ലാ കോടതിയിലും എഴുതിവച്ചിട്ടുള്ള ഒരു വാചകമാണ്.

## ശ്രീലങ്കയിൽ ഭരണമാറ്റം

ശ്രീലങ്കയിലും ഇന്ത്യയിലെ പോലെ പുതിയ ഭരണം ഇരട്ട മൃഗത്തിന്റെ ബലത്തോടെ ഏറ്റെടുത്തു.

ശ്രീലങ്ക ഇപ്പോൾ യുദ്ധകുറ്റവാളികൾ എന്ന് ലോക രാഷ്ട്രങ്ങൾ ഉറപ്പിക്കപ്പെട്ടിട്ടുള്ളവരുടെ കൈയ്യിൽ അകപ്പെട്ടു. ലക്ഷകണക്കായ ശ്രീലങ്കൻ തമിഴൻമാരേയും നിരായുധരായി നിന്ന പോരാളികളേയും, ഒറ്റ ദിവസത്തിൽ ഒരേ സ്ഥലത്ത് വച്ച് ദയാദാക്ഷിണ്യമില്ലാതെ കൊന്നു കുമിയ്ക്കാൻ കാരണമായിരുന്നവരുടെ എല്ലാ കുടുംബവും ഇന്ന് ശ്രീലങ്കയുടെ സർവ്വ അധികാരവും ഏറ്റെടുത്ത് ഭരണത്തിൽ കയറിയിരിക്കുന്നു.

ഒരാൾ ശ്രീലങ്കയുടെ രാഷ്ട്രപതി ആകണമെങ്കിൽ അദ്ദേഹത്തിന്റെ മേൽ കോടതിയിൽ ഒരു കേസും ഉണ്ടാകാൻ പാടില്ല. എന്നാൽ നൂറുകണക്കിന് ക്രിമിനൽ കേസുകളും, കൊലക്കേസുകളും, നിലവിലിരിക്കുന്ന ഒരാളെ അതുമാത്രമല്ല ഈ വ്യക്തി ശ്രീലങ്കയെ വിട്ട് മറ്റുദേശങ്ങളിലേയ്ക്കു പോകാൻ പാടില്ല എന്ന് പാസ്പോർട്ട് പിടിച്ചെടുത്തതിന്ശേഷം ആ വ്യക്തി ശ്രീലങ്കയുടെ പോലീസിന്റെ കൺനോട്ടത്തിലും, പട്ടാളത്തിന്റെ കൺനോട്ടത്തിലും ഇരിക്കണം. ഇങ്ങനെയുള്ള ഒരു വ്യക്തി തന്റെ മേലുള്ള എല്ലാ കേസുകളിൽ നിന്നും പുറത്തു വരാതെ ഗവൺമെന്റ് പദവിയിൽ ഒന്നിലും ചേർക്കാൻ പാടില്ല. ഇത് സുപ്രീംകോർട്ട് വിധിയാണ്.

ഈ നിയമങ്ങളെ ലംഘിച്ച് സുപ്രീംകോർട്ട് വിധിയെയും അവഗണിച്ച് രാഷ്ട്രപതി സ്ഥാനത്തെ ഏറ്റെടുക്കുന്നതിന് തടസ്സം ചെയ്ത വിധി പറഞ്ഞ സുപ്രീംകോർട്ട് ന്യായാധിപതി വിധിച്ച കുറ്റവാളിയും, കൊലയാളിയുമായ ഒരുത്തനെ രാഷ്ട്രപതിയായി സ്ഥാനമേല്പിച്ചത് ലോകചരിത്രത്തിൽ ശ്രീലങ്കയിൽ മാത്രമാണ് ആദ്യമായി നടന്നിട്ടുണ്ടാവുക. രാഷ്ട്രപതി സത്യപ്രതിജ്ഞ എടുത്ത പിറ്റേദിവസം തന്നെ അദ്ദേഹത്തിന്റെ മേലുള്ള സുപ്രീംകോർട്ട് കേസുകൾ എല്ലാം എടുത്തുകളഞ്ഞു. എന്തൊരു അരാജകത്വം. ഹിറ്റ്ലറുടെ ഭരണത്തിൽകൂടി ഇങ്ങനെ നടന്നതായി ചരിത്രമില്ല. സുപ്രീംകോടതി, യുദ്ധകുറ്റവാളിയായ ഒരുത്തൻ ഭരണത്തിന് വരുന്നതിന് മുമ്പുതന്നെ അദ്ദേഹത്തിന്റെ കല്പന പ്രകാരം കീഴടങ്ങി!- ഇന്ത്യയുടെ ഇപ്പോഴുള്ള അവസ്ഥ പോലെ കാവി കക്ഷിയുടെ പിടിയിൽ നിയമ വകുപ്പുകൾ മുഴുവനും അടങ്ങിക്കിടക്കുന്നതുപോലെ ശ്രീലങ്കയിലും ഇതേ അവസ്ഥ ഉണ്ടായിരിക്കുന്നു.

സുപ്രീംകോർട്ട് നീതിപതികൾ ഇപ്പോൾ രാഷ്ട്രപതിയുടെ പോക്കറ്റിലാണ്. ഇങ്ങനെയുള്ള ക്രൂരൻമാരുടെ കൈയ്യിൽ ശ്രീലങ്ക അകപ്പെട്ട സാഹചര്യത്തിൽ നമ്മുടെ ഭയമെല്ലാം ശ്രീലങ്കയിലെ തമിഴരുടെ അവസ്ഥ ഇനി എന്താകും എന്നതാണ്. നേരത്തെ തന്നെ യാഴ്പാണം, മറ്റു കിഴക്കോട്ടുള്ള ഭാഗങ്ങൾ എല്ലാം തന്നെ തമിഴരുടെ പ്രദേശമെന്ന് അവർ തന്നെ ഓർക്കാതിരിക്കാൻ സിംഹള ജനങ്ങൾ കുടിയേറിയതോടുകൂടെ ശില്പങ്ങളും ബുദ്ധക്ഷേത്രങ്ങളും പണികഴിപ്പിച്ചു. ഇനി തമിഴ്നാട്, തമിഴകം, എന്നൊന്ന് ഉണ്ട് എന്ന് പറയാൻ കഴിയാത്ത വിധത്തിൽ ഭൂരിഭാഗം സിംഹളരെ അവിടെ താമസിപ്പിച്ച് ഇന്ത്യയുടെ ഇപ്പോഴുള്ള അവസ്ഥ പോലെ ഒരേ ഭാഷ സിംഹളം, ഒരേ നാട് ശ്രീലങ്ക, ഒരേ ജാതി സിംഹള ജാതി, പള്ളികൂടങ്ങളിൽ വിദ്യാർത്ഥികളുടെ പ്രധാന ഭാഷ സിംഹളമായിരിക്കും. മൂന്നു ഭാഷാ സിദ്ധാന്തം മാറി, സിംഹളം,ഇംഗ്ലീഷ് എന്ന രണ്ടുഭാഷ സിദ്ധാന്തം കൊണ്ടുവന്നാൽ ആശ്ചര്യപ്പെടാൻ ഒന്നുമില്ല.

അന്യ ദേശങ്ങളിൽ കുടിയേറി പാർക്കുന്ന തമിഴൻമാർ തന്റെ കുടുംബത്തിന് വേണ്ടിയും തന്റെ ഇനത്തിൽപ്പെട്ട ജനത്തിന് വേണ്ടിയും സമൂഹ സേവനത്തിനുവേണ്ടിയും അയച്ചുകൊടുക്കുന്ന പണം പുതിയ ഗവൺമെന്റ് നോട്ടമിടും.

തമിഴരെ കാണാൻ വരുന്ന മറ്റുദേശക്കാരെ അതല്ലെങ്കിൽ ക്രിസ്തീയ യോഗങ്ങൾ നടത്താൻ വരുന്ന മിഷനറിമാരെ പ്രത്യേകമായി ഇന്ത്യക്കാരെ ഏറ്റവും അധികമായി നോട്ടമിടും.

പഴയ ചെക്ക് പോസ്റ്റുകൾ തമിഴൻമാർ താമസിക്കുന്ന സംസ്ഥാനങ്ങളിൽ സ്ഥിരമാക്കും. തമിഴരുടെ സ്വാതന്ത്ര്യം ഇപ്പോൾ ചോദ്യചിഹ്നമായി മാറിയിരിക്കുന്നു. ശ്രീലങ്കയിൽ JAFFNA താമസിക്കുന്ന തമിഴൻമാർ മാത്രമല്ല കൊളമ്പോ പോലുള്ള മറ്റു സ്ഥലങ്ങളിൽ താമസിക്കുന്ന തമിഴരുടെ അവസ്ഥ, സുരക്ഷിതത്വത്തെകുറിച്ച് എന്റെ മനസ്സ് വളരെ വേദനിക്കുന്നു. മുമ്പത്തെക്കാളും ശ്രീലങ്ക തമിഴർക്ക് വേണ്ടി ഞാൻ കൂടുതലായി പ്രാർത്ഥിക്കും. ജാമക്കാൻ വായനക്കാരും എന്നോട് ചേർന്ന് പ്രാർത്ഥിയ്ക്കണം എന്നപേക്ഷിക്കുന്നു.

ശ്രീലങ്കയിൽ താമസിക്കുന്ന ജനങ്ങളായ സിംഹളർക്കും തമിഴൻമാർക്കും ക്രിസ്തുവിന്റെ സമാധാനം ഉണ്ടാകട്ടെ.

**ഡോ. പുഷ്പരാജ്**

# അന്യഭാഷാകുഴപ്പം

5



*പ്രസാധകൻ :*
***Dr.* പുഷ്പരാജ്**

**ഒരു ജാമക്കാരൻ പ്രസിദ്ധീകരണം**

(*പ്രസാധകൻ : **Dr.*** **പുഷ്പരാജ്,** സേലം-5)

**പ്രസാധക കുറിപ്പ്**

കഴിഞ്ഞലക്കം ജാമക്കാരനിൽ അന്യഭാഷയിൽ **കരയുന്നതും** അന്യഭാഷയിൽ ചിരിക്കുന്നതുമായിട്ടുള്ള വിവരങ്ങൾ നിങ്ങൾ വായിച്ചറിഞ്ഞിരിക്കും. വായിക്കുമ്പോൾ തന്നെ ഇതു എത്ര മണ്ടത്തരം എന്നു നമുക്കു ചിന്തിക്കുവാൻ സാധിക്കും. ഇനി അന്യഭാഷയുടെ യഥാർത്ഥ വിവരങ്ങളെ ഞാൻ നിങ്ങളോടു പങ്കുവെക്കുന്നു. **ഇന്ത്യയിലും ടൊറണ്ടോ ഉണർവ്വിലെ ആ ചിരി അന്യഭാഷ** ചിലർ തുടങ്ങി. എന്നാൽ ആരും അതിനെ പ്രോത്സാഹിപ്പിച്ചില്ല! പെന്തക്കോസ്ത് സഭാവിശ്വാസികളും അത് അംഗീകരിച്ചില്ല. അങ്ങനെ ആ **ചിരി അന്യഭാഷ** ഇന്ത്യയിൽ **അമർന്നുപോയി.**

☐ പരിശുദ്ധാത്മാവിന്റെ നിറവിന് അടയാളമെന്ന് പറഞ്ഞ് സംസാരിച്ച പെന്തക്കോസ്തു സഭക്കാരുടെ അന്യഭാഷയിൽ ഭ്രാന്തമായ ചിരി അടയാളത്തെ കുറിച്ചുള്ള വാർത്തകളെ വായിക്കുന്ന പെന്തക്കോസ്തു സഭ വിശ്വാസികൾ ദയവു ചെയ്ത് ഇനിയെങ്കിലും നിങ്ങൾ അന്യഭാഷ സംസാരിക്കുന്നത് നിർത്തി നിങ്ങളെ ശരിയാക്കികൊള്ളണം. അത്ര പെട്ടെന്നൊന്നും നിങ്ങൾക്ക് അന്യഭാഷ പറയുന്നത് നിർത്താൻ പറ്റില്ല. ദൈവത്തോട് പ്രാർത്ഥിച്ച് അവന്റെ സഹായം പ്രാപിച്ച് നിങ്ങളുടെ മക്കളുടെ മുമ്പിൽ ആദ്യം നിങ്ങളുടെ മാറ്റത്തെ കാണിക്കുക.

- ☐ ഞാൻ ഈ ലേഖനത്തിന്റെ **രണ്ടാം ഭാഗം** അവസാനിപ്പിച്ചതിന് ശേഷം പല **പെന്തക്കോസ്ത് സഭാ പാസ്റ്റർമാരും** തങ്ങൾ **അന്യഭാഷ സംസാരിക്കുന്നത് നിർത്തി,** ഞങ്ങളുടെ **കണ്ണുകൾ തുറന്നതിന്** നിങ്ങൾക്ക് **നന്ദി എന്നു പറഞ്ഞു!** ദൈവത്തിന് മഹത്വം ഉണ്ടാകട്ടെ.

**ചരിത്രം എന്ന പേരിൽ** എഴുതപ്പെട്ട പ്രത്യേക പുസ്തകങ്ങളിൽ, പരിശുദ്ധാത്മാവ് ജഡപ്രകാരമുള്ള എല്ലാവരുടെ മേലും പകരും എന്ന് അറിയിച്ചതല്ലാതെ, ഇപ്പോൾ **കത്തോലിക്ക സഭകളിലും കരിസ്മാറ്റിക്ക് ഗ്രൂപ്പിന്റെ മേലും പരിശുദ്ധാത്മാവിനെ** പകർന്നിരിക്കുന്നു, പരിശുദ്ധാത്മാവ് തന്റെ വാഗ്ദത്തത്തെ അവരിലും **നിറവേറ്റിയിരിക്കുന്നു** എന്ന് എഴുതി കാണിച്ചിരിക്കുന്നു. ഇവരുടെ ഈ അറിയിപ്പ് **എത്ര വലിയ തെറ്റാണെന്ന്** ചിന്തിച്ചനോക്കുവിൻ.

**കത്തോലിക്കരുടെ** പ്രധാനപ്പെട്ട ഉപദേശമായ **മരിച്ചുപോയ മറിയയോടു** പ്രാർത്ഥിക്കുന്നതും, **മരിച്ചുപോയ അന്തോണിയോടു** പ്രാർത്ഥിക്കുന്നതും, **മൂന്ന് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിന്റെ** തെളിവും കാട്ടിയാൽ മതി, അവർ **മരിച്ചുപോയ കന്യാസ്ത്രീയായാലും ശരി, മദർ തെരേസ ആയാലും** ശരി അവരെ **വിശുദ്ധൻമാരുടെ** പട്ടികയിൽ ചേർക്കുന്നു. അവരോടു പ്രാർത്ഥിക്കാൻ **പ്രാർത്ഥനാമാല (കൊന്ത)** ഉണ്ടാക്കുന്നു.

**മരിച്ചുപോയ ആത്മാവിനോടു** സംസാരിക്കുന്നവൻ **ശപിക്കപ്പെട്ടവൻ** (ആവർത്തനം 18:10) എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. എന്നാൽ **മരിച്ചു പോയവരോടുള്ള പ്രാർത്ഥനയും, മരിച്ചുപോയ ആത്മാവിനെ** സ്വർഗ്ഗത്തിലേയ്ക്ക് അയയ്ക്കാനായി അവരുടെ പേരിൽ **പണം വാങ്ങിയുള്ള** പ്രാർത്ഥന (മാതാ ടി.വി ചാനലിൽ മരിച്ചുപോയ ഒരാൾക്ക് 500/– രൂപാ വീതം അയച്ചാൽ ആ മരിച്ചുപോയവർക്കുവേണ്ടി അച്ചൻ പ്രാർത്ഥിക്കും. അവർ സ്വർഗ്ഗത്തിൽ പോകാൻ സാധിക്കും). ഇങ്ങനെയുള്ള വേദ പുസ്തക അടിസ്ഥാനത്തിന് വിരോധമായ കള്ള ഉപദേശത്തെ കൈക്കൊണ്ടിട്ടുള്ള **കത്തോലിക്ക സഭക്കാരുടെ** മേൽ **പരിശുദ്ധാത്മാവ് എങ്ങനെ ഇറങ്ങും!** (സഭാ. പ്ര. 9:5,6)

### പോട്ട ഡിവൈൻ ധ്യാന കേന്ദ്രം

കേരളത്തിൽ **ആലുവ** എന്ന സ്ഥലത്തിന് അരികെയുള്ള **പോട്ട** എന്ന ചെറിയ ഗ്രാമത്തിൽ **ഡിവൈൻ ധ്യാനകേന്ദ്രമെന്ന പേരിൽ കത്തോലിക്ക അച്ചൻമാർ** ഉണ്ടാക്കിയ ഒരു ധ്യാന കേന്ദ്രം ഉണ്ട്. ഈ അച്ചൻമാരുടെ പ്രധാന

തലവനായ അച്ചന് നമ്മുടെ സഹോദരൻ **ഡി.ജി.എസ് ദിനകരനാണ് പ്രധാന ഗുരു.** ദിനകരൻ നടത്തിയ **പവ്വർ മിനിസ്ട്രിയിൽ** 15 ദിവസം **കത്തോലിക്ക അച്ചൻമാർ** ചിലർ പരിശീലനം എടുത്തു. അതോടുകൂടെ സഹോദരൻ **ഡി.ജി.എസ് ദിനകരന്റെ** യോഗങ്ങൾ എവിടെ നടന്നാലും അവിടെയെല്ലാം അച്ചൻമാർ തുടർന്നു പങ്കെടുത്ത് പ്രാർത്ഥനയിൽ ജനങ്ങളുടെ **പേരുകൾ** എങ്ങനെ വിളിക്കാമെന്നും, **രോഗങ്ങളുടെ** പേരുകൾ എങ്ങനെ വിളിക്കാമെന്നും, **കർത്താവെനിയ്ക്കു കാണിച്ചുതന്നു** എന്നു പ്രവചനമായി എങ്ങനെ പറയാമെന്നും പഠിച്ചത് **സഹോദരൻ ദിനകരനിൽ നിന്നാണ്.** അതിൽ മുഖ്യനായ ഒരു **കത്തോലിക്ക അച്ചൻ,** സഹോദരൻ ദിനകരനെ പോലെ തന്നെ പ്രസംഗിക്കും. ആ അച്ചന്റെ പക്കൽ നിന്നും മറ്റു **ചില അച്ചൻമാർ** തൊഴിൽ രഹസ്യങ്ങൾ പഠിച്ചു.

ഉടനെ **ഡിവൈൻ ധ്യാനകേന്ദ്രം** എന്ന പേരിൽ **രോഗങ്ങൾ സൗഖ്യമാക്കുന്നു, ചാരായത്തിനും, ലഹരി പദാർത്ഥങ്ങൾക്കും അടിമയായവർ** 10 ദിവസം പോട്ടയിൽ വന്ന് താമസിക്കണം. ഇവർ വെളിയിൽ പോകാൻ പാടില്ല. **മറ്റുള്ളവർക്ക്** വന്ന് ഇവരെ കാണാനും അനുവാദമില്ല. **പ്രാർത്ഥന ധ്യാനം കൗൺസിലിംഗ്** എന്ന് പല ഏർപ്പാടുകൾ അവർക്കു ചെയ്തുകൊടുക്കുന്നു. ആ ധ്യാനകേന്ദ്രത്തിൽ പലർ **ലഹരി മരുന്നുകളിൽ നിന്നും മദ്യപാനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു** എന്ന് അവരുടെ മാസികമൂലമായും **അവരുടെ സഭകൾ മൂലവും** പരസ്യം ചെയ്യുന്നു. ഇപ്പോൾ **മലയാള ടി.വിയിൽ ഒരു ചാനൽ തുടങ്ങി. നല്ല പരസ്യങ്ങൾ** ചെയ്തുവരുന്നു. അതുമൂലം അവർക്ക് വളരെ അധികം വരുമാനം ലഭിക്കുന്നു. വളരെ അധികം ജനങ്ങൾ വേളാങ്കണ്ണിക്കുപോകുന്നതുപോലെ പോട്ട ധ്യാന കേന്ദ്രത്തിൽ പോയിവരുന്നു.

- ☐ ഇതൊരു ഭാഗത്തിരിക്കേ മറ്റൊരു ഭാഗത്ത് അതേ വളപ്പിനരുകിൽ മറ്റൊരു **ധ്യാനക്കൂട്ടം** വച്ചിട്ടുണ്ട്. ഇവിടെ **പരിശുദ്ധാത്മാവിന്റെ നിറവും, അന്യഭാഷയും വേണമെന്ന് അപേക്ഷിച്ച്** ചെന്നാൽ അവരും 10 ദിവസം അവിടെ അടക്കപ്പെട്ട് പുറംലോകം കാണാതെ ശക്തമായ കാവലിൽ വച്ച് അവിടെ താമസിപ്പിക്കുന്നു. അവിടെ കുടുംബത്തോടെ താമസിക്കണം.

അവിടെ **അന്യഭാഷ പറയുന്ന ഒരു ഭാഗമുണ്ട്.** അവിടെ **പ്രസംഗം, പാട്ട്, കൈകൊട്ട്, തുള്ളിച്ചാട്ടം, നാവുകുഴഞ്ഞു സംസാരിക്കുന്നത്** എല്ലാം നടക്കുന്നു. ഈ ഗ്രൂപ്പിൽ പങ്കെടുത്തിട്ട് **അന്യഭാഷ** പറയാൻ കഴിയാത്തവർക്ക് **പ്രത്യേകമായി ഒരു പരിപാടി** ഏർപ്പാട് ചെയ്ത് സ്തുതി ആരാധന ടെറസിൻമേലെ നടത്തുന്നുണ്ട്.

ഇതിൽ ഇവർ **നിർവൃതി അടയുന്നതിനുവേണ്ടി** എന്തെല്ലാം യുക്തികൾ പ്രയോഗിക്കണമോ അതെല്ലാം പ്രയോഗിച്ച് **അന്യഭാഷയിൽ** സംസാരിക്കാൻ ശീലിപ്പിക്കുന്നു. **ഹിപ്പ് നോട്ടിസവും** പ്രയോഗിക്കുന്നതായി പറയപ്പെടുന്നു.

ചില വർഷങ്ങൾക്കു മുമ്പ് ആ ധ്യാനകേന്ദ്രത്തിൽ **അന്യഭാഷ** പഠിപ്പിക്കുന്ന സ്ഥലത്ത് ഒരുവൻ നിലവിളിച്ച് ശബ്ദം ഉയർത്തി **കരയാൻ** തുടങ്ങി. അവിടെ പാടിയ പാട്ടുകൾ ഡ്രം കൊട്ടുന്ന ശബ്ദത്തോടൊപ്പം പാടിയതിന്റെ കാരണമായി അവർ നിർവൃതിയുടെ ഉച്ചസ്ഥായിയിൽച്ചെന്ന് **മാനസിക നില തകർന്ന്** കോട്ടയം എന്ന അടുത്തുള്ള ടൗണിൽ **മാനസിക ഡോക്ടറുടെ** അടുക്കൽ ചികിത്സിക്കപ്പെട്ട വാർത്ത **മലയാള മനോരമ പത്രം വഴിയായി** പുറത്തു വന്നു. **ഡിവൈൻ ധ്യാനകേന്ദ്രത്തിൽ** എന്തെക്കെയോ നടക്കുന്നു എന്ന **ശ്രുതി** കാട്ടുതീ പോലെ പടർന്ന് **ഗവൺമെന്റും പോലീസും ഡിവൈൻ ധ്യാനകേന്ദ്രത്തിൽ** പ്രവേശിച്ച് വിചാരണ നടത്തി. പല വർഷങ്ങൾക്കുമുമ്പ് **തമിഴ് ആഴ്ച പതിപ്പിലും** ആ വാർത്ത വന്നിരുന്നു. **എന്റെ ജാമക്കാരനിലും** ആ ന്യൂസ്പേപ്പർ വാർത്തയേയും പോലീസ് വിചാരണ വിവരം മുഴുവനും പുറത്തു വിട്ടിരുന്നു എന്നത് വായനക്കാർക്ക് ഓർമ്മയുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

- ☐ ഇതിന്റെ എല്ലാം **മൂലകാരണം അന്യഭാഷ പ്രാപിക്കേണം, അഗ്നി അഭിഷേകം, പരിശുദ്ധാത്മാവിന്റെ ശക്തി ഇവ പ്രാപിക്കണം** എന്ന **തീവ്രആഗ്രഹങ്ങൾ ഇവയെല്ലാം തെറ്റായ ആശയമാണ്.** ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നിന്നും പല ഭാഷകളിൽ പുറത്തു വരുന്ന മാസികകളിലും ടി.വി.യിലും **പവർ മിനിസ്ട്രി** എന്ന ആകർഷിക്കുന്ന പരസ്യമാണ് **ജനങ്ങളെ ഇവിടേക്ക് ആകർഷിക്കുന്ന**തിന്റെ മുഖ്യകാരണം.

**അന്യഭാഷ, അഗ്നിഅഭിഷേകം** എല്ലാം എങ്ങനെയെങ്കിലും പ്രാപിക്കേണം എന്ന തീവ്രത, **കഞ്ചാവടിച്ചവർ**ക്കുണ്ടാകുന്നതു പോലെയുള്ള നിർവൃതി അനുഭവത്തിലേക്ക് ചെല്ലുന്ന അവസ്ഥ ഇന്ന് പെന്തക്കോസ്ത് സഭയ്ക്കും, കരിസ്മാറ്റിക് സഭയ്ക്കും ഉണ്ടായി കഴിഞ്ഞു.

**കത്തോലിക്കരും, കരിസ്മാറ്റിക് ഗ്രൂപ്പും പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു എന്ന് പെന്തക്കോസ്ത് തലവൻമാരും വിശ്വസിച്ച് അന്യഭാഷയ്ക്ക് പരസ്യം ചെയ്യുന്നു.**

ഇങ്ങനെയുള്ള **കള്ള ഉപദേശങ്ങളിൽ നിന്നും** എങ്ങനെയെങ്കിലും വിടുതൽ പ്രാപിക്കണം. **അന്യഭാഷ വ്യാജമായ**താണ് എന്ന് നിങ്ങൾ മനസ്സിലാക്കണം എന്നതാണ് എന്റെ ആഗ്രഹം. ജാമക്കാരനായ എന്നെക്കൊണ്ട്

എഴുതാൻ മാത്രമേ കഴിയൂ. ഞാൻ പ്രസംഗിക്കുന്ന **കൺവൻഷനുകളിൽ** ഈ വ്യാജ **അന്യഭാഷയെ**ക്കുറിച്ച് പരസ്യമായി സംസാരിയ്ക്കാനും കഴിയും. അതിൽ കൂടുതൽ എനിക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. അന്യഭാഷ എന്നത് ഒരു മായയാണ്. അതു ഒരു വ്യാജമായ നിർവൃതി അനുഭവമാണ് എന്നത് **ഇന്ത്യ**യിലുള്ള എല്ലാ സഭക്കാർക്കും മനസ്സിലാക്കിക്കൊടുക്കാൻ **പുസ്തകരൂപത്തിൽ** ഇത് 2020 ൽ പുറത്തു വിടാൻ ദൈവം കൃപ ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ഭാഗത്തോടെ ജാമക്കാരനിൽ **അന്യഭാഷ**യെപ്പറ്റി എഴുതുന്നത് അവസാനിപ്പിക്കാൻ പോകുകയാണ്. അതുകൊണ്ട് തന്നെ **പെന്തക്കോസ്തുസഭയുടെ ചരിത്രവും വ്യാജ അന്യഭാഷ ഉണ്ടായ വിവരവും** കഴിഞ്ഞലക്കം (ഡിസംബർ) ജാമക്കാരനിൽ **അവസാന വാക്കായി** എഴുതിയിരിക്കുന്നത്. അന്യഭാഷയെപ്പറ്റി വേദവചനത്തിൽ ഇനിയും പല വിവരങ്ങൾ ഉണ്ട്. ദൈവം അനുവദിച്ചാൽ അവയെ വരും കാലങ്ങളിൽ എഴുതാൻ ആഗ്രഹിക്കുന്നു.

ഇനി അവസാനമായി ദൈവവചനത്തിൽ **അന്യഭാഷയെ**പ്പറ്റിയുള്ള വീണ്ടും ചില മുഖ്യ വിവരങ്ങളെ ചെറിയ കുറിപ്പായി എഴുതി തീർക്കാൻ ഭാരപ്പെടുന്നു.

## അഗ്നി അഭിഷേകം

ഇന്ന് പെന്തക്കോസ്തു സഭക്കാരുടെ ഇടയിൽ **അഗ്നി അഭിഷേകം** എന്ന ആകർഷിക്കുന്ന വാക്ക് എല്ലാ ഇടങ്ങളിലും ഉപയോഗിച്ചു വരുന്നു.

**അഗ്നി അഭിഷേകക്യാമ്പ്** എന്ന ആകർഷിക്കുന്ന പേരിൽ ഇന്ത്യയിൽ നിന്ന് സഹോദരൻ **മോഹൻ സി. ലാസറസ്, സഹോദരൻ റോബിൻസൺ, സഹോദരൻ അപ്പാദുരെ** പോലുള്ള **പ്രസിദ്ധരായ സുവിശേഷകൻമാർ** തമിഴ്നാട്ടിലും, ഇന്ത്യയ്ക്കു വെളിയിലുള്ള നാടുകളിലും ഇങ്ങനെയുള്ള **യോഗങ്ങളെ** നടത്തുന്ന കാര്യത്തെ **പരസ്യമാക്കുന്നത്** അവരുടെ മാസികകളിലും ടി.വി ചാനലുകളിലും നമുക്ക് കാണാം. ധാരാളംപേർ അത് ഏതോ **വിശേഷഅഭിഷേകം** എന്നു വിചാരിച്ച് അതിനുവേണ്ടി ശ്രമിച്ച് **നിരാശപ്പെട്ടു പോകുന്നു.** കേരളത്തിലും രണ്ടു മൂന്നു മലയാള ടി.വി ചാനലുകളിൽ പ്രസംഗിക്കുന്ന ചില പ്രസംഗികന്മാർ ടി.വി ചാനലുകളിലൂടെ അന്യഭാഷയിൽ സംസാരിക്കാനും അഗ്നിഅഭിഷേകം പ്രാപിക്കാനും ചാനലുകളിലൂടെ ഉപദേശിക്കുന്നു. ഇത് കാണുന്ന വായനക്കാർ അത് സ്വീകരിക്കരുത്.

### പരിശുദ്ധാത്മാവ് - അഗ്നി

അവൻ (യേശു) പരിശുദ്ധാത്മാവിലും, അഗ്നിയിലും നിങ്ങളെ സ്നാനപ്പെടുത്തും.

**ജലം – ആത്മാവ്** യോഹന്നാൻ 3 : 5

ഒരുവൻ ജലത്തിനാലും ആത്മാവിനാലും ജനിയ്ക്കാതിരുന്നാൽ ദൈവരാജ്യത്തിൽ പ്രവേശിക്ക ഇല്ല എന്ന് എഴുതിയിരിക്കുന്നു. ഇവിടെ ജലം – ആത്മാവ് എന്ന 2 വാക്കുകളും പരിശുദ്ധാത്മാവിനെ കുറിക്കുന്നു. അങ്ങനെ തന്നെ പരിശുദ്ധാത്മാവിനാലും – അഗ്നിയാലും ജനിച്ചില്ലെങ്കിൽ എന്ന് എഴുതിയിരിക്കുന്നു. ഈ രണ്ടു പദങ്ങളും പരിശുദ്ധാത്മാവിനെ കുറിക്കുന്ന വചനങ്ങളാകുന്നു. ഇതിന് പാരലിസം(***Paralism***) എന്നു പറയുന്നു. എബ്രായർ ചരിത്രമെഴുതുമ്പോൾ ഒരു വാക്കിന് ഒരേ അർത്ഥമുള്ള 2 വാക്കുകൾ ഉപയോഗിക്കുന്നത് ശീലമാണ്.

| | | |
|---|---|---|
| സത്യമായിട്ടും | – | സത്യമായിട്ടും |
| ആമേൻ | – | ആമേൻ! |
| ആത്മാവ് | – | അഗ്നി |
| ആത്മാവ് | – | ജലം |

മുകളിൽ പറഞ്ഞിട്ടുള്ള ഇങ്ങനെയുള്ള വാക്കുകളെക്കുറിച്ച് ധ്യാനിക്കുമ്പോൾ **ചരിത്രത്തിന്റെ പിൻഭാഗം** അറിയാതെ അതിനെകുറിച്ച് പ്രസംഗിക്കുന്നതുകൊണ്ട് പ്രസംഗിക്കുന്നവർ ആ വാക്കിന് തെറ്റായ വ്യാഖ്യാനം കൊടുത്തു തെറ്റായി പ്രസംഗിക്കുന്നു.

യോഹന്നാൻ 3 : 5 **ജലത്തിനാലും ആത്മാവിനാലും** ജനിച്ചില്ല എങ്കിൽ എന്നതിന് **ജ്ഞാനസ്നാനം** പ്രാപിച്ചില്ലെങ്കിൽ **എന്നു വ്യാഖ്യാനിക്കുന്നത് തെറ്റാണ്.** സ്നാനത്തെക്കുറിച്ച് വേദപുസ്തകത്തിൽ **ധാരാളം വചനങ്ങൾ പലഭാഗങ്ങളിലും** ഉണ്ട്. എന്നാൽ മുകളിൽ പറഞ്ഞ വചനം സ്നാനത്തെക്കുറിച്ചുള്ളതല്ല.

## അഗ്നി

**തീയിൽ (അഗ്നിയിൽ) ദൈവം ഇല്ലായിരുന്നു** (1 രാജാ. 19 : 12) അഗ്നി അഭിഷേകം എന്നു പറയുന്ന പെന്തക്കോസ്തു പാസ്റ്റർമാർ ശ്രദ്ധിക്കുക. അഗ്നി അഭിഷേകം എന്ന ആകർഷിക്കുന്ന വാക്ക് സഭയിലെ ജനങ്ങളെ ഒരു പക്ഷെ ആകർഷിക്കുമായിരിക്കും. എന്നാൽ അത് വലിയ ആപത്തായ അർത്ഥമുള്ളതാണ്. **ചിലരെ തീയിൽനിന്നു (അഗ്നിയിൽനിന്നു) വലിച്ചെടുക്കുക (യൂദ 1:22)**

**അഗ്നി** എന്ന വാക്ക് പരിശുദ്ധാത്മാവിന്റെ മറ്റൊരു പേരല്ല. **അഗ്നി കൊല്ലുന്നതും നശിപ്പിക്കുന്നതുമാകുന്നു.** പെന്തക്കോസ്തു സഭക്കാരുടെ കൈയ്യിലുള്ള വേദപുസ്തവും എന്റെ കൈയ്യിലുള്ള വേദപുസ്തകവും ഒന്നാണ്.

നമ്മുടെ വേദപുസ്തകത്തിൽ **അഗ്നി**യെക്കുറിച്ച് എഴുതിയിട്ടുള്ള ഭാഗങ്ങളിലെല്ലാം **നശിപ്പിയ്ക്കാനും കൊന്നുകളയാനും** ഉപയോഗിച്ച വാക്കുകളാണെന്ന് നിങ്ങൾക്കറിയാമല്ലോ. പിന്നെ എന്തിനാണ് എനിയ്ക്ക് അഗ്നി **വേണം, അഗ്നി അഭിഷേകം** വേണമെന്നും, **അഗ്നി, അഗ്നി** എന്ന് സഭാജനങ്ങളെ നിലവിളിപ്പിക്കുന്നത്! പാവം സഭാജനങ്ങളും നിങ്ങൾ പറയുന്നതിനെല്ലാം തലയാട്ടി ആമേൻ ഹല്ലേലുയ പറയുന്നു.

(മത്തായി 18 : 8, 25 : 41) ഈ വചനങ്ങൾ എല്ലാം **നിത്യമായ അഗ്നിയെ**ക്കുറിച്ചാണ് പറയുന്നത്. അതെല്ലാം **നശിപ്പിയ്ക്കാനായി** ഉപയോഗിച്ചിരിക്കുന്ന വാക്കുകളാണ്.

ചില പെന്തക്കോസ്തു **പാസ്റ്റർമാർ** പ്രസംഗിക്കുമ്പോൾ **അഗ്നി അഭിഷേകം നിങ്ങളുടെ പാപങ്ങളൊക്കെയും** ചുട്ടെരിക്കും **നിങ്ങൾ വിശുദ്ധൻമാർ** ആകും **ഒരു ഹല്ലേലുയ്യ! പറയാമോ?** എന്ന് പറയുമ്പോൾ അവിടെ ഉള്ളവരെല്ലാം ആമേൻ ഹല്ലേലുയ പറയുന്നു.

**അഗ്നി** നിന്നെ **പരിശുദ്ധമാക്കും**. **അഗ്നി** നിന്റെ **അതിക്രമങ്ങളെ നീക്കും** എന്നെല്ലാം പറഞ്ഞ് ഇവർ പ്രസംഗിക്കുമ്പോൾ ജനങ്ങൾ ആവേശത്തോടെ **അഗ്നി അഭിഷേകം** എനിക്കുവേണം എനിയ്ക്ക് **പാപമോചനം വേണം, അതിക്രമങ്ങൾ മാറണം,** ഞാൻ **ശുദ്ധീകരിക്കപ്പെടണം** അതിന് എനിയ്ക്ക് **അഗ്നി വേണം** എന്ന് യോഗത്തിൽ പങ്കെടുത്ത ഓരോരുത്തരും കണ്ണീരോടെ നിലവിളിക്കുന്നത് നിങ്ങൾ കാണുമ്പോൾ നിങ്ങൾക്ക് തന്നെ കണ്ണീർ വരും. എങ്ങനെയൊക്കെയാണ് പറ്റിക്കുന്നതെന്നു നോക്കൂ!

വേദപുസ്തകത്തെ **ശരിയായി വായിക്കാതെ**, വചനം **അറിയാതെ** ആ പാവപ്പെട്ട ജനങ്ങൾ ഇവരുടെ പ്രസംഗം മാത്രം കേട്ട് നിരാശപ്പെട്ട് **അനുഗ്രഹമില്ലാതെ** പാവമോചനമില്ലാതെ വെറുതേ മടങ്ങിപോകുന്നു. എന്തൊരു പരിതാപമായ നില!

ഇവരെല്ലാവരും വചനം അറിയാത്ത പാവങ്ങൾ എന്ന് ഞാൻ എന്തുകൊണ്ടാണ് പറയുന്നതെന്നറിയാമോ? അഗ്നി നിങ്ങളുടെ പാപം കഴുകി കളയുകയില്ല. യേശു പറഞ്ഞു ഞാൻ പറഞ്ഞ **ഈ വചനം** ഇപ്പോൾ നിങ്ങളെ **ശുദ്ധീകരിക്കുന്നു** എന്ന്.

യേശുവിന്റെ വചനത്തെ അനുസരിച്ചാൽ **യേശുവിൻ രക്തം** എന്നെ കഴുകി ശുദ്ധീകരിക്കും. (1 യോഹന്നാൻ 1 : 7) **യേശുവിൻ രക്തം** സകല പാപങ്ങളെയും

കഴുകി ശുദ്ധീകരിക്കും എന്നാണ് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത്! **അഗ്നി** നിങ്ങളെ ശുദ്ധീകരിക്കും എന്ന് വചനം പറയുന്നില്ല.

ഇവർ പ്രസംഗത്തിൽ പറയുന്ന അഗ്നിയെക്കുറിച്ചുള്ള വിഷയത്തെ **യെശയ്യാവിന്റെ** പുസ്തകത്തിൽ വായിക്കാൻ കഴിയും (യെശയ്യാവ് 6 : 6,7) ഈ വചനത്തിൽ **യെശയ്യാവ്** എന്ന പ്രവാചകനെ ദൈവം 7 രാജാക്കൻമാർക്ക് പ്രവചനത്തിലൂടെ മുന്നറിയിപ്പ് നല്കാൻ വിളിച്ചു. കർത്താവിന്റെ വാർത്ത അറിയിക്കാൻ വേണ്ടി അവനെ ശുദ്ധീകരിക്കാൻ ദൈവം ഒരു ദൂതനെ അയച്ചു യാഗപീഠത്തിൽ നിന്ന് ഒരു തീ കനൽ കൊടിൽ കൊണ്ട് **യെശയ്യാവിന്റെ** വായിൽ തൊട്ടു നിന്റെ അധരങ്ങളെ **കനൽ** കൊണ്ട് തൊട്ടതിനാൽ നിന്റെ **അതിക്രമങ്ങൾ** നീങ്ങി നിന്റെ **പാപത്തിനു പരിഹാരം** വന്നിരിക്കുന്നു എന്ന് പറഞ്ഞു ഇതാണ് നടന്നത്. ഇപ്പോൾ ഇതു വായിക്കുന്ന നിങ്ങൾ തന്നെ പറയൂ, ഈ കനൽ കഷണത്തിനും **അഗ്നി അഭിഷേകത്തിനും പരിശുദ്ധാത്മാവിനും** എന്തെങ്കിലും ബന്ധം ഉണ്ടോ?

**അഗ്നി അഭിഷേകം** പ്രാപിയ്ക്കാൻ വേണ്ടി പ്രത്യേകമായ യോഗങ്ങൾക്ക് പോകുന്നവർക്ക് ഞാൻ മുന്നറിയിപ്പു നല്കട്ടെ **വഞ്ചിക്കപ്പെടാതിരിപ്പിൻ**

പരിശുദ്ധാത്മാവ് – അഗ്നിയല്ല
പരിശുദ്ധാത്മാവ് – എണ്ണയല്ല
പരിശുദ്ധാത്മാവ് – പ്രാവല്ല
പരിശുദ്ധാത്മാവ് – ജലമല്ല

**ദൈവം അയച്ച മിശിഹായെ യോഹന്നാൻ സ്നാപകനുമാത്രം അടയാളം** കാണിക്കുന്നതിന് വേണ്ടിയും **യേശു തന്നെയാണ്** മിശിഹാ എന്ന് ഉറപ്പാക്കുന്നതിന് വേണ്ടിയും **പരിശുദ്ധാത്മാവിനെ** യേശുവിന്മേൽ ഇറങ്ങി വരുന്നത് കാണിച്ചു. **ആത്മാവിന്** രൂപം **ഇല്ലാത്തതുകൊണ്ട് പ്രാവിൻ രൂപത്തിൽ** യേശുവിന്റെ തോളിൽ ഇരുത്തി **ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്നും ദൈവത്തിന്റെ ശബ്ദം കേൾപ്പിച്ച് യോഹന്നാന് അടയാളം കാണിച്ചു.**

എന്നാൽ അത് മനസ്സിലാക്കാത്ത പലരും പരിശുദ്ധാത്മാവിന് അടയാളമായി **പ്രാവിൻ രൂപത്തെ** പേപ്പറിൽ വരച്ചും **പ്രാവിൻ ചിഹ്നത്തെ സ്റ്റീലിൽ ഉരുക്കി വാർത്തു കോട്ടിലും ഷർട്ടിന്റെ പോക്കറ്റിലും** ഒട്ടിക്കുന്നു. മറ്റു മതത്തിലുള്ളവർ

**കുരിശിന്റെ ചിഹ്നം** വാങ്ങുന്നുണ്ട് എന്നാൽ **പ്രാവിന്റെ ചിഹ്നത്തെ** അവർ വാങ്ങുന്നില്ല. അതുകൊണ്ട് പരിശുദ്ധാത്മാവിനെ പെന്തക്കോസ്തു സഭക്കാർ കഷണം കഷണമാക്കി പല പേരിട്ട് വിളിക്കുന്നു.

അതുകൊണ്ട് ദയവു ചെയ്ത് **അഗ്നിഅഭിഷേകം** വേണമെന്ന് നിലവിളിയ്ക്കല്ലേ. നിങ്ങൾ നിലവിളിച്ച് അഗ്നിയിറങ്ങിയാൽ എന്ത് സംഭവിക്കും എന്നത് വേദപുസ്തം പറയുന്നത് വായിച്ചു നോക്കുക. ആപത്ത് വിലയില്ലാതെ വാങ്ങിവച്ച് വേദനിക്കേണ്ട!

**അഗ്നിയെ** നിങ്ങൾ **വിളിച്ചാൽ** എന്താകും? വായിച്ചു നോക്കൂ **നല്ല ഫലം** (ഗലാത്യർ 5 : 22 –ാം വാക്യത്തിൽ ഉള്ള ഫലം എന്നതിന് **സ്വഭാവം** എന്നാണ് അർത്ഥം. അതുകൊണ്ട് **നല്ല സ്വഭാവത്തെ** സാക്ഷിയായി നിങ്ങൾ കാണിച്ച് ജീവിക്കാതിരുന്നാൽ) നല്ല ഫലം കായ്ക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി **തീയിൽ ഇട്ടുകളയും** (മത്തായി 3 : 10, 7 : 19, ലൂക്കോ. 3 : 9, ആമോസ് 7 : 4). **തീകൊണ്ട്** ന്യായം വിധിക്കുമെന്ന് ദൈവം പറഞ്ഞിട്ടുണ്ട്.

വേദപുസ്തകത്തിൽ ഇനിയും ധാരാളം വാക്യങ്ങളിൽ **അഗ്നിയെ എരിച്ചുകളയാനും, നശിപ്പിക്കാനും** മാത്രമാണ് ഉപയോഗിച്ചതെന്ന് എഴുതിയിരിക്കുന്നു. നിങ്ങൾ കേട്ടാലും; കേട്ടില്ലെങ്കിലും, ഇഷ്ടപ്പെട്ടാലും, ഇഷ്ടപ്പെട്ടില്ലെങ്കിലും, അന്ത്യകാലത്ത് ഗോതമ്പു മണികളെ വേർതിരിച്ചെടുത്ത് **പതിരിനെ** മാത്രം ചുട്ടെരിയ്ക്കാൻ ദൈവം **അഗ്നി**യെ അയയ്ക്കും. സൂക്ഷിച്ചോളൂ **അഗ്നി അഭിഷേകം** നല്കാം എന്ന് പറഞ്ഞ് പരസ്യം ചെയ്ത് വിളിച്ചാലും പോകരുത്! നിങ്ങൾ മാനസാന്തരപ്പെടാത്തവരായിരുന്നാൽ **അഗ്നി അഭിഷേകം** നിങ്ങളെ ദഹിപ്പിച്ചുകളയും.

- ☐ **പരിശുദ്ധാത്മാവിന്റെ പുറമേയുള്ള അടയാളം അന്യഭാഷ** യാണോ? **അന്യഭാഷ** പറയാൻ പാടുണ്ടോ? **അന്യഭാഷ** വേണമെന്ന് ചോദിയ്ക്കാമോ? ഇങ്ങനയുള്ള ചോദ്യങ്ങൾ കൊണ്ട് **അന്യഭാഷ** കുഴപ്പത്തെ ഇതോടെ നിർത്തി **അന്യഭാഷ** കുഴപ്പമെന്ന പേരിൽ ഇതുവരെ എഴുതിയത് മുഴുവനും പുസ്തകമായി അച്ചടിയ്ക്കാൻ ഞാൻ വിചാരിച്ചിരുന്നു. എന്നാൽ പരിശുദ്ധാത്മാവിന്റെ പേരിൽ **പെന്തക്കോസ്തു സഭക്കാർ** ജനത്തെ എങ്ങനെയെല്ലാം കുഴപ്പത്തിലാക്കുന്നു എന്നതെക്കുറിച്ചുള്ള ചോദ്യങ്ങൾ എനിയ്ക്ക് കത്തുകളായി മലപോലെ കൂടി കിടക്കുന്നു. അതുകൊണ്ട് അതിനെല്ലാം മറുപടി എഴുതിയിട്ട് അടുത്ത മാസത്തെ ജാമക്കാരനോടുകൂടെ **അന്യഭാഷ കുഴപ്പം എന്ന ലേഖനത്തെ** അവസാനിപ്പിയ്ക്കാൻ ആഗ്രഹിക്കുന്നു.

******

# 2020 എന്റെ ദൈവവേല വിവരങ്ങൾ

| | | |
|---|---|---|
| January | 2-1-2020 to 5-1-2020 | Hill Tribe Ministry |
| | 17-1-2020 to 19-1-2020 | Pottalpatti C.S.I. Convention (Tirunelveli Dioces) |
| | | **MALAYSIA MINISTRY** |
| | 23-1-2020 to 31-1-2020 | PINANG Luthern Church Convention |
| February | 1-2-2020 to 2-2-2020 | KUALALUMBUR Union Convention |
| | 3-2-2020 to 5-2-2020 | SINGAPORE Prayer Fellowship |
| | | **THAILAND** |
| | 6-2-2020 to 8-2-2020 | PRESBITARIAN Church Meeting |
| | | **INDIA** |
| | 10-2-2020 to 15-2-2020 | Village Ministry Soranadu |
| | 21-2-2020 to 23-2-2020 | Pastor Pichia Missionery Fellowship, HILL TRIBE MINISTRY |
| | 28-2-2020 to 1-3-2020 | TDTA English Church Convention, Tirunelvelli |
| March | 6-3-2020 to 8-3-2020 | C.S.I. St. Luck Church Convention,Tirupur |
| | 20-3-2020 to 22-3-2020 | C.S.I. Christ Church Convention, Coimbatore Diocese |
| | 24-3-2020 to 30-3-2020 | North India Meeting, Jarkhand, CNA Churches |
| April | 2-4-2020 to 5-4-2020 | Madurai Diocese St. Peters Church, Satchiapuram |
| | | **NORTH INDIA** |
| | 14-4-2020 to 24-4-2020 | C.N.I. Church, Odisa & Madhyapradesh |
| May | 7-4-2020 to 10-4-2020 | Kanyakumary C.S.I. Diocese, Devicode C.S.I. Church Convention |
| | 13-4-2020 to 17-4-2020 | Tuticorin C.S.I. Diocese, Pragasapuram C.S.I. Convention |
| | 21-4-2020 to 24-4-2020 | Swayerpuram C.S.I. Convention |

## ONLINE BANKING (NEFT)

**Dr. M.G.E. PUSHPARAJ**, **SALEM - 636 005. INDIA**

**STATE BANK OF INDIA** (SALEM-1970)

**A/C No: 10764116842** SWIFT CODE - SBININBB637- 10764116842
IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.** SWIFT CODE - CNRB0001219 -1219101013622.
IFSC CODE - IFSC CNRB0001219- 1219101013622.

# ഭൂരിപക്ഷ ദൈവവേലക്കാരും വെറുക്കുന്ന ഒരേ ദൈവവേലക്കാരൻ

**ഭൂരിപക്ഷ ദൈവവേലക്കാരും പാസ്റ്റർമാരും ബിഷപ്പുമാരും മേഡറേറ്റർമാരും ചില മിഷനറി സ്ഥാപനങ്ങളും വെറുക്കുന്ന ഒരേ ദൈവവേലക്കാരൻ ജാമക്കാരൻ മാസികയുടെ എഡിറ്ററായ ഡോ. പുഷ്പരാജ് എന്ന ഞാനാണ്. എന്തുകൊണ്ട് ഇവരെല്ലാം വെറുക്കുന്നു.**

1969–ാം വർഷം മുതൽ ഞാൻ ആരംഭിച്ച ജാമക്കാരനിൽ വായനക്കാർ ചോദിച്ച ചോദ്യങ്ങൾക്ക് ഞാൻ മറുപടി എഴുതിയത് കൊണ്ട് പലരുടെയും വെറുപ്പു ഞാൻ സമ്പാദിച്ചു മുഖ്യമായും **നക്ഷത്ര സുവിശേഷ പ്രവർത്തകൻമാർ,**

1. സഹോദരൻ ഡി.ജി.എസ്. ദിനകരൻ : സ്വർഗത്തിൽ പോയത് നുണയാണെന്ന് ഞാൻ എഴുതിയിരുന്നു (യോഹന്നാൻ 3 : 3) വായിച്ചു നോക്കുവിൻ. ബാലജനപങ്കാളിത്തപദ്ധതി ***(Young Partner Scheme)*** കർത്താവ് പറഞ്ഞ പദ്ധതി അല്ല; അതും നുണയാണെന്ന് ഞാൻ എഴുതിയിരുന്നു. അതുകാരണം ഒരു വലിയ കൂട്ടം എന്നെ വെറുത്തു.

2. സഹോദരൻ മോഹൻ സി. ലാസെറസ് (തമിഴ്നാട്) പ്രാർത്ഥനയ്ക്കിടയിൽ പേർ വിളിക്കുന്നത് **നുണയാണെന്ന് തെളിവോടെ ഞാൻ** എഴുതി. വേറൊരു വലിയ കൂട്ടം എന്നെ വെറുത്തു. ആ കൂട്ടം എനിക്കു പണം അയക്കുന്നത് നിർത്തി വച്ചു. അദ്ദേഹത്തെ സ്നേഹിക്കുന്നവരും എന്നെ വെറുത്തു.

3. സഹോദരൻ ജോൺ രവീന്ദ്രനാഥ്: (തമിഴ്നാട്) ഒരു സഹോദരിയെ സുവിശേഷ വേലയ്ക്ക് വേണ്ടി തന്നോടു കൂടെ വിളിച്ചുകൊണ്ട് പോയി, യോഗം നടക്കുന്ന സ്ഥലത്തെല്ലാം ഒരേ മുറിയിൽ രണ്ടുപേരും കിടന്നുറങ്ങിയത് സാക്ഷിയല്ല എന്ന് അദ്ദേഹത്തിന് എഴുതി ജാമക്കാരനിലും പരസ്യപ്പെടുത്തി. ജനങ്ങളും ബിഷപ്പുമാരും അദ്ദേഹത്തിന് മുന്നറിയിപ്പ് നല്കി.

***LEF Church*** സഹോദരൻ : ജോ. ഡാനിയേൽ : സഭയുടെ വീഴ്ചയെക്കുറിച്ചും സഭയിലെ ജനങ്ങളുടെ കല്യാണ വിഷയത്തിലും വളരെ

വൈരാഗ്യമുള്ളവനായിരുന്നു. എന്നാൽ തന്റെ സ്വന്തം മക്കളുടെ കല്യാണം അങ്ങനെ നടത്തിയില്ല. അദ്ദേഹത്തിന്റെ മകൾ രണ്ട് പ്രാവശ്യം വിവാഹമോചനം ചെയ്ത വിവരം ഞാൻ എഴുതിയിരുന്നു.

സഹോ. പോൾ ദിനകരൻ : പ്രാർത്ഥനാ ഗോപുരം പ്രാർത്ഥനയ്ക്കിടയിൽ പോർ വിളിക്കുന്നതും, പ്രാർത്ഥിക്കുന്നതിന് പണം വാങ്ങുന്നത്. കാരുണ്യ യൂണിവേഴ്സിറ്റി വില്പനവിഷയം, ഇതിനെക്കുറിച്ച് ഞാൻ എഴുതിയിരുന്നു.

എയ്ഞ്ചൽ ടി.വി. സാധു സെൽവരാജ് : ടി.വി. യിൽ അദ്ദേഹത്തിന്റെ സ്വർഗ്ഗത്തിലേയ്ക്കും നരകത്തിലേയ്ക്കും ദിവസവും പോയി വരുന്ന പല നുണകളെക്കുറിച്ച് ഞാൻ എഴുതിയിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ആരാധകർ എന്നെ വെറുത്തു.

സാം ജപദുരെ (തമിഴ്നാട്) : യേശുവിന് രോഗം ഉണ്ടായിരുന്നു എന്നഅദ്ദേഹം എഴുതിയത് തെറ്റെന്ന് ഞാൻ എഴുതിയിരുന്നു. എന്റെ ശുശ്രൂഷയിൽ ആദ്യമായി എനിക്കെതിരെ വക്കീൽ നോട്ടീസും മാനനഷ്ടകേസും കൊടുത്ത് പിൻവലിച്ച ഒരേ ഒരു പെന്തക്കോസ്ത് പാസ്റ്റർ എന്ന അന്തസ്സ് പ്രാപിച്ച അന്യഭാഷക്കാരൻ.

ഡോ. സാം കമലേശനെക്കുറിച്ചും എഴുതേണ്ടി വന്നു.

ഡോ. തിയോഡർ വില്യംസ് : അദ്ദേഹം പാപത്തിൽ വീണതിനെക്കുറിച്ചും വീണ്ടും എഴുന്നേറ്റ് പ്രകാശിച്ചതിനെക്കുറിച്ചും എഴുതിയിരുന്നു.

സഹോദരൻ ആർ. സ്റ്റാൻലി : ചില തട്ടിപ്പുകളെക്കുറിച്ചും അന്യഭാഷയെക്കുറിച്ചും.

പാസ്റ്റർ വിക്ടർ ജ്ഞാനരാജ് : കള്ള ഉപദേശം–ദൂതൻമാർ ദിവസംതോറും ഇദ്ദേഹത്തിന്റെ വീട്ടിൽ വന്നുപോകുന്നതും ഇദ്ദേഹത്തിന്റെ ഭാര്യ അറിയാതെ അപ്പവും തേങ്ങാപ്പാലും ഇദ്ദേഹത്തിന്റെ വീട്ടിൽ നിന്നും കഴിച്ചതുമായ ഇവരുടെ ടി.വി.യിൽ പറയുന്ന പല നുണകൾ ഞാൻ എഴുതിയിരുന്നു. അദ്ദേഹത്തിൻരെ ആരാധകർ അതുമൂലം എന്നെ വെറുത്തു.

സഹോദരൻ അഗസ്റ്റിൻ ജപകുമാർ : പറഞ്ഞ പ്രവചനം കള്ളത്തരമാണെന്ന് ഞാൻ ജാമക്കാരനിൽ എഴുതിയിരുന്നു. അദ്ദേഹത്തിന്റെ ആരാധകർ എന്നെ വെറുത്തു.

പാസ്റ്റർ സുന്ദരത്തിന്റെ മരണവിവരം പാസ്റ്റർ സാം സുന്ദരത്തിന്റെ മരണവിവരം: രണ്ടുപേരുടേയും മരണത്തിൽ പലവിധമായ സംശയങ്ങൾ ഉണ്ടായി, പാസ്റ്റർമാർ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടായി, പോലീസ് ഇടപെട്ടു. സഭ അടച്ചുപൂട്ടി. ആ വിവരങ്ങൾ ജാമക്കാരനിൽ പരസ്യപ്പെടുത്തി. ധാരാളംപേർ ഈ വിവരങ്ങൾ പരസ്യപ്പെടുത്തിയതുകൊണ്ട് എന്നെ വെറുത്തു.

പാസ്റ്റർ ഭക്തസിംഗ് (ജഹോവാ ഷമ്മാ ചർച്ച്) : പാസ്റ്റർ ഭക്തസിംഗ് അവർകളുടെ മരണസമയത്ത് കൂട്ടു പാസ്റ്റർമാരുടെ പദവിയുടെ പേരിൽ പാസ്റ്റർ ഭക്തസിംഗിന്റെ തലയെ അടിച്ചുടച്ചതും സ്വത്തു തർക്കത്തെക്കുറിച്ചുള്ള വിവരങ്ങളും ജാമക്കാരനിൽ ഞാൻ എഴുതിയിരുന്നു. അതുമുഖാന്തരം ആ സഭക്കാർ എന്നെ വെറുത്തു.

മൂന്ന് പ്രധാനപ്പെട്ട മിഷനറി സ്ഥാപനങ്ങളെപ്പറ്റിയുള്ള വിമർശനങ്ങൾ: മിഷനറിമാരുടെ പ്രോവിഡൻസ് ഫണ്ട് ബാങ്കിൽ ഡിപ്പോസിറ്റ് ചെയ്യാത്ത മിഷനറി സ്ഥാപനങ്ങളെപ്പറ്റി എഴുതിയിരുന്നു. റിട്ടയേർഡ് മിഷനറിമാർക്ക് അതുകൊണ്ടു പ്രയാസം ഉണ്ടായി. സ്ഥാപനമേധാവികൾക്കു എന്റെ മേൽ വെറുപ്പുണ്ടായി.

1. ഏഴാം നാൾ (ശനിയാഴ്ച) ശബത്തു മിഷന്റെ തെറ്റായ ഉപദേശം. ആ സഭക്കാർ എല്ലാപേരും എന്നെ വെറുത്തു.
2. **യഹോവ സാക്ഷികൾ** എന്ന സഭക്കാരുടെ സാത്താന്റെ ഉപദേശങ്ങൾ അതിന്റെ വിവരങ്ങൾ എഴുതി ആ സഭക്കാരുടെ ദേഷ്യം എന്റെ മേൽ വർദ്ധിച്ചു.
3. രക്ഷണ്യസേന (സാൽവേഷൻ ആർമി) എന്ന സഭയുടെ തെറ്റായ ഉപദേശ വിമർശനങ്ങൾ ഞാൻ എഴുതി. ആ സഭയുടെ നേതാക്കളും പാസ്റ്റർമാരിൽ ചിലരും എന്നെ വെറുത്തു.
4. **കേരളത്തിലുള്ള മാർത്തോമ** സഭയുടെ മൂന്നു ബിഷപ്പുമാരുടെ പാപജീവിതത്തെക്കുറിച്ചുള്ള വിമർശനം കാരണമായി **മാർത്തോമ്മാസഭകളിൽ** എനിക്കുണ്ടായിരുന്ന ശുശ്രൂഷയുടെ വാതിൽ അടയ്ക്കപ്പെട്ടു. എന്നാൽ അച്ചൻമാരും **മാർത്തോമ്മാ സഭാ**വിശ്വാസികളും ഇന്നും എന്നെ സ്നേഹിക്കുന്നു. എന്റെ ശുശ്രൂഷയ്ക്ക് കൈത്താങ്ങൽ കൊടുക്കുന്നു. എന്നാൽ ബിഷപ്പുമാരിൽ രണ്ടുപേർ ഒഴികെ മറ്റെല്ലാപേരും എന്നെ വെറുത്തു.



Bishop K.P. YOGANAN



Most. Rev. Dr. K.J. SAMUEL
Former Moderator

5. ***CSI*** സഭയുടെ **മോഡറേറ്റർ**, പെന്തക്കോസ്ത് സഭാ പാസ്റ്ററായ, **കെ.പി. യോഹന്നാൻ** അവർകളെ ബിഷപ്പായി അഭിഷേകം ചെയ്തതും അതിന് വേണ്ടി അവർ വാങ്ങിയ **കൈക്കൂലിയുടെ** വിവരം: കെ.പി. യോഹന്നാനെ ബിഷപ്പായി വാഴിയ്ക്കാൻ **5 ബിഷപ്പുമാരുടെ** കൈവെയ്പ് ആവശ്യമാണ്. എന്നാൽ മാത്രമേ ഗവൺമെന്റ് ചട്ടപ്രകാരം ബിഷപ്പിന് അംഗീകാരം കിട്ടുകയുള്ളൂ. അതിനായി ഒരു ബിഷപ്പിനു മാത്രം **12 കോടിയും തമിഴ്നാട ബിഷപ്പിന് 1 കോടിയും, വടക്കേ ഇന്ത്യയിലുള്ള *CNI*** സഭയുടെ ബിഷപ്പുമാരിൽ **രണ്ട് ബിഷപ്പുമാർക്ക്** പല ലക്ഷങ്ങൾക്കൊടുത്തു അവരെ കേരളത്തിലേയ്ക്ക് വിളിപ്പിച്ച് ***CNI*** ബിഷപ്പുമാർ രണ്ടുപേരും മറ്റുള്ള ***CSI*** ബിഷപ്പുമാരോട് ചേർന്ന് പാസ്റ്റർ കെ.പി. യോഹന്നാന്റെ തലയിൽ കൈവച്ച് **ബിഷപ്പായി അഭിഷേകം ചെയ്ത വിവരങ്ങളെ ഫോട്ടോ സഹിതം** ജാമക്കാരനിൽ എഴുതി. ***CSI* മോഡറേറ്റർ** ചെയ്ത കാര്യങ്ങൾ ***CSI*** സഭകൾക്ക് മോഡറേറ്റർ ചെയ്ത ദ്രോഹമാണെന്ന് എഴുതിയിരുന്നു. കെ.പി. യോഹന്നാനിൽ നിന്നും **മോഡറേറ്റർ കൂലി** വാങ്ങി മറ്റേ ബിഷപ്പുമാർക്കും പങ്കിട്ടകൊടുത്ത ***CSI* മോഡറേറ്ററുടെ സാക്ഷ്യമില്ലാത്ത** ആ പ്രവർത്തിയെ എന്റെ വ്യക്തിപരമായ നിലയിലും ***CSI* സഭയ്ക്ക്** വേണ്ടിയും ഞാൻ അപലപിച്ച് എഴുതിയിരുന്നു. ഈ വിഷയത്തിൽ അന്നത്തെ ***CSI*** മോഡറേറ്ററും, കെ.പി. യോഹന്നാൻ അവർകളും അല്ലാതെ വേറേ ആരും എന്നെ വെറുത്തിട്ടില്ല.

6. **ബിഷപ്പ് കെ.പി. യോഹന്നാൻ പെന്തക്കോസ്ത് ഉപദേശത്തെ വിട്ട് കത്തോലിക്കരെ പോലെ ഓർത്തഡോക്സ് സഭക്കാരുടെ പുതിയ ഉപദേശം** നടപ്പിലാക്കിയതിനെക്കുറിച്ചുള്ള വിമർശനം അതുകാരണമായി അവരുടെ സഭാവിശ്വാസികൾ സഭവിട്ട് വെളിയിൽ വന്ന വിവരം എഴുതിയിരുന്നു. അതുകൊണ്ട് കെ.പി. 6 പേര അവർകളുടെ സഭയിലെ പാസ്റ്റർമാരിൽ രണ്ടുപേർ എനിക്കു 6 വക്കീൽ നോട്ടീസ് അയച്ചു. അതേസമയം തക്കസമയത്തിൽ

ഡോക്ടർ മാസികയിൽ അദ്ദേഹത്തിന്റെ തെറ്റായ ഉപദേശം പറഞ്ഞത് ഞങ്ങൾക്ക് വളരെ പ്രയോജനമായി. അതുകൊണ്ട് ഞങ്ങൾ സഭയിൽ പാസ്റ്റർമാരായി ഡോക്ടർക്ക് നന്ദി പറയുന്നു എന്ന് എഴുതിയ കത്തുകൾ ആശ്വാസമായി.

7. ബിഷപ്പു ദുഃരെ : (കോയമ്പത്തൂർ ***CSI*** ഡയോസിസ്) ബിഷപ്പ് ദുഃരെ അവർകൾ നടത്തിയ അഴിമതികളും പണവെട്ടിപ്പും ജയിലിൽ പോയവിവരവും ബിഷപ്പെന്ന പദവിയിൽ നിന്നു **പുറത്താക്കപ്പെട്ടതും** ***CSI*** സഭകളിൽ **ബിഷപ്പ് പദവിയിൽ** നിന്നും ***CSI* സിനഡ്** നീക്കിയ വിവരവും ***CSI*** സഭകളിൽ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. അദ്ദേഹം ജയിലിൽ പോയി തിരിച്ചു വന്ന ഉടനെ ബിഷപ്പ് ദുഃരെ ആർക്കെല്ലാം **പട്ടം കൊടുത്തു അച്ചനാക്കിയോ ആ അച്ചൻമാരിൽ പലരും** എന്നെ വെറുത്തു.

8. ***CSI* സിനഡ്** : ചെന്നൈ ഹെഡ് ഓഫീസിലുള്ളവർ തന്നെ മറ്റു നാടുകളിൽ നിന്നു സുനാമിക്ക് കിട്ടിയ സഹായം പല കോടികളെ കൊള്ളയടിച്ച വിവരം എഴുതിയിരുന്നു.

9. ***CSI* സിനഡ്** : ഹെഡ് ഓഫീസിലുള്ള ***CSI*** സിനഡ് സെക്രട്ടറി അവരുടെ മകൾ ഇനിയും ചിലർ ജയിലിൽ അടക്കപ്പെട്ട വിവരം: ***CSI*** സിനഡ്, ***CSI*** സഭകളുടെ തലസ്ഥാനത്തിൽ ഇങ്ങനെയൊരു വലിയ അഴിമതി നിറഞ്ഞിരുന്നതും ആ അഴിമതിയിൽ അകപ്പെട്ട ബിഷപ്പുമാരുടെ പേരുകളും ജാമക്കാരനിൽ എഴുതിയിരുന്നു. മുൻ ബിഷപ്പിന്റെ മകളും ഈ വലിയ കൊള്ളയിൽ പിടിക്കപ്പെട്ടു. 24 ***CSI*** ഡയോസിസുകളുടെ ഹെഡ് ഓഫീസായ സിനഡിൽ തന്നെ ഇത്ര വലിയ അഴിമതി ചെയ്താൽ മറ്റുള്ള ഡയോസിസിൽ അഴിമതികളെ വിചാരണ ചെയ്ത് ശിക്ഷ കൊടുക്കാൻ കഴിയുമോ? ഈ പണങ്ങളെല്ലാം ***CSI*** വിശ്വാസികളുടെ അദ്ധ്വാനത്തിന്റെ ഫലമായ കാണിക്ക, കർത്താവിന് കൊടുത്തത്, ഇവർ മോഷ്ടിക്കാൻ പാടുണ്ടോ? സഭ വിശ്വാസികൾക്ക് ഈ അഴിമതികളെക്കുറിച്ച് അറിയുമോ? അത് ഞാൻ ജാമക്കാരനിൽ എഴുതിയത് തെറ്റാണോ?

10. കോയമ്പത്തൂർ ഡയോസിസ് ബിഷപ്പും, മുൻ മോഡറേറ്ററുമായി സ്ഥാനം വഹിച്ച വില്യം മോസസ് അവർകളെപ്പറ്റി മറ്റു ന്യൂസ് പേപ്പറുകളിൽ പുറത്തു വന്ന

സാക്ഷ്യമില്ലാത്ത ലൈംഗികമായ വിഷയങ്ങളേയും അതിന്റെ വിവരങ്ങളേയും ജാമക്കാരനിൽ വിമർശിച്ചു എഴുതിയിരുന്നു. ഇങ്ങനെ എഴുതിയതുകൊണ്ട് ആ ബിഷപ്പെന്നെ ഇഷ്ടപ്പെടുമോ? അദ്ദേഹത്തിന്റെ വെറുപ്പും ഞാൻ സമ്പാദിച്ചു.

**ഏറ്റവും വലിയ കള്ളൻമാർ**

11. ***CSI*** മോഡറെറ്ററും ആന്ധ്രാ പ്രദേശിലെ ബിഷപ്പായ മോസ്റ്റ് റവ. സുഗന്ധർ അവർകളുടെ കാലത്തിലാണ് ബിഷപ്പുമാർ ഏറ്റവും അധികമായി വിലയ്ക്കു വാങ്ങപ്പെട്ടത്. തമിഴ്നാട്ടിൽ രണ്ടു ***CSI*** ബിഷപ്പുമാരെ ഡയോസിൽ നിയമിക്കാനായി 1.25 കോടി വീതം രണ്ടു ***CSI*** ഡയോസിസ് ലീഡർമാർ വാങ്ങിച്ചു. അവർ വാങ്ങിയ മൊത്തം പണത്തുക മോഡറേറ്റർ വാങ്ങിയതിനേക്കാൾ ഏറ്റവും അധികമായിരുന്നു. അതോടുകൂടെ സ്വർണ്ണമാല, മോഡറേറ്ററുടെ പേരക്കുട്ടിയുടെപേരിൽ കൊടുത്ത സ്വർണ്ണ അരഞ്ഞാണം അങ്ങനെ പലതും. ഈ മോഡറേറ്റർ വാങ്ങിയ കൈക്കൂലിയ്ക്ക് അളവില്ല. അതിന്റെ തെളിവ് എന്റെ കൈയ്യിൽ ഇല്ല.

അതേ മോഡറെറ്റർ ആന്ധ്രയിൽ മെഡിക്കൽ കോളേജ് പണിയാനായി ഡയോസിസ് മൂലം ***CSI*** ഡയോസിസ് സഭാ ജനങ്ങളിൽ നിന്നും സമാഹരിച്ച കോടികൾ വളരെ അധികം. അതിനായി രസീതോ, കണക്കോ ഇല്ല. എന്നാൽ ഒരു നാൾ ഗവൺമെന്റിൽ നിന്ന് ***CBI*** യാൽ കണ്ടു പിടിക്കപ്പെട്ട് എല്ലാ പണത്തേയും ഗവൺമെന്റ് പിടിച്ചെടുത്തു. ഡയോസിസിന്റെ സ്വന്തനിലമായ മെഡിക്കൽ കോളേജിന്റെ സ്ഥലത്തേയും ആ മോഡറേറ്റർ രഹസ്യമായി ഒരു ഭാഗത്തെ വിറ്റതായും വന്ന വാർത്തയെ ജാമക്കാരനിൽ ഞാൻ എഴുതിയിരുന്നു. ആ മോഡറെറ്റർ ജയിലിൽ പോയി തിരിച്ചു വന്നു. ഹൃദ്രോഗത്താൽ ആശുപത്രിയിലും ചേർക്കപ്പെട്ടു. ജനം കണ്ണുനീരോടെ കർത്താവിന് കൊടുത്ത കാണിക്കയിൽ കൈ വച്ചതിന്റെ ഫലം നോക്കിക്കേ.

12. ***CSI* മോഡറെറ്ററും കന്യാകുമാരി *CSI* ഡയോസിസ് ബിഷപ്പുമായ** റിട്ടയേർഡായ മോഡറൈറ്റർ **ദേവകടാക്ഷം അവർകളുടെ** കാലത്ത് ഓരോരോ ഡയോസിസുകളിൽ ബിഷപ്പുമാരെ നിയമിക്കാൻ അതാതു ഡയോസിസ് ഭാരവാഹികൾ അവരുടെ പേരിൽ കൊടുത്ത കൈക്കൂലി വിവരങ്ങളെയും

ജാമക്കാരനിൽ എഴുതേണ്ടി വന്നു. കന്യാകുമാരി ഡയോസിസിലുള്ള ജനങ്ങളും അച്ചൻമാരും അദ്ദേഹത്തിന്റെ അഴിമതിയെ അറിഞ്ഞിരുന്നതുകൊണ്ട് കന്യാകുമാരി ഡയോസിസ് ജനങ്ങളും അച്ചൻമാരും എന്നെ വെറുത്തില്ല. തുടർന്ന് അവരുടെ സഭകളിൽ എന്നെ ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. എന്റെ വേലയ്ക്ക് അധികമായി സഹായിച്ചു വരുന്നു.

13. **തിരുനെൽവേലി ബിഷപ്പ് റൈറ്റ് റവ. ജയപാൽ ഡേവിഡ** അവർകൾ ആക്രമിക്കപ്പെട്ടതും ചിലർ ബിഷപ്പ് അവർകളെ കരണത്തിൽ അടിച്ച കാഴ്ചയും ബിഷപ്പിന്റെ അങ്കി കീറിപോയ കാഴ്ചയും പാളയംകോട്ട *CSI* കത്തീഡ്രൽ സഭയിൽ നടന്ന ആ ദുഃഖകരമായ സംഭവം എല്ലാ *CSI* സഭയേയും അപമാനിക്കുന്ന കാഴ്ചയാണ്. അന്നത്തെ എല്ലാ ദിനപത്രത്തിലും ഇതു ഫോട്ടോ സഹിതം വന്നിരുന്നു. സംഭവത്തിന്റെ സത്യാവസ്ഥ ഞാനും എന്റെ *CSI* വായനക്കാർക്കായി എഴുതിയിരുന്നു.

14. **തൂത്തുക്കുടി : നസറേത്ത് *CSI* ഡയോസിൽ ബിഷപ്പ് ജപചന്ദ്രൻ** അവർകളുടെ തെറ്റായ ലൈംഗീകബന്ധം കണക്ഷൻ അദ്ദേഹത്തിന്റെ കാലത്ത് ഡയോസിസിൽ നിന്നും കോടിക്കണക്കിന് പണം മോഷ്ടിച്ചതിനാൽ *CSI* സിനഡ് ബിഷപ്പ് അവർകളെ അപലപിച്ചതിനെ തുടർന്ന് തെക്കേ ഇന്ത്യയിലെ *CSI* സിനഡിൽ 24 ഡയോസിസ് ബിഷപ്പുമാർ കൂടിയ കൂട്ടത്തിൽ മോഡറേറ്റർ അവർകളുടെ കുപ്പായത്തെ ബിഷപ്പ് ജപചന്ദ്രൻ അവർകൾ പിടിച്ചു വഴക്കുണ്ടാക്കിയതും, മോഡറേറ്ററുടെ മേശക്കുമുമ്പിൽ ബിഷപ്പ് അവർകൾ തറയിൽ ഇരുന്നു ധർണ്ണ (സമരം) ചെയ്തതു ഫോട്ടോ സഹിതം വായനക്കാരുടെ പ്രാർത്ഥനയ്ക്കായി വിമർശിച്ചു എഴുതിയിരുന്നു.

15. **തിരുനെൽവേലി : *CSI* ബിഷപ്പ് *J. J.* ക്രിസ്തുദാസ്** അവർകൾ റിട്ടേഡ് വയസ് 67 ആക്കി. അത് കമ്മറ്റി മുമ്പാകെ കൊണ്ടുവന്ന അന്നു കൂടിയ യോഗത്തിൽ നടന്ന അടിപിടിയിൽ സ്റ്റേജിൽ ബിഷപ്പിന്റെ മൈക്ക് പിടിച്ചു പറിക്കപ്പെട്ട നിലയിൽ തീരുമാനത്തെ ഏകകണ്ഠമായി അംഗീകരിക്കപ്പെട്ടുവെന്ന് നുണ പറഞ്ഞ സ്റ്റേജിലിരുന്ന ബിഷപ്പിനെ അങ്ങനെ തന്നെ തള്ളിക്കൊണ്ട് വന്ന് പോലീസിന്റെ സംരക്ഷണത്തോടെ വെളിയിൽ കൊണ്ടു പോയി വിട്ടു. അന്നു നടന്ന സംഭവം മുഖാന്തരമായി ബിഷപ്പ് അവർകൾ; ഇപ്പോഴത്തെ മോഡറേറ്റർ

അവർകൾ നിർബന്ധിച്ചിചതുകൊണ്ട് എടുത്ത തെറ്റായ തീരുമാന വിവരങ്ങളെയും ജാമക്കാരനിൽ എഴുതിയിരുന്നു.


16. തിരുനെൽവേലി ***CSI*** ഡയോസിസ് പ്രശ്നങ്ങൾ മൂർദ്ധന്യായവസ്ഥയിൽ എത്തി തെക്കേ ഇന്ത്യയിൽ തന്നെ എണ്ണത്തിൽ അധികമായി ***CSI*** ആലയങ്ങൾ നിറഞ്ഞ, ഏഷ്യയിൽ തന്നെ പ്രസിദ്ധി ആർജ്ജിച്ച, ***CSI*** തിരുനെൽവേലി ഡയോസിസ് മാത്രം ഇന്ത്യയിൽ തന്നെ ആദ്യമായി ***CSI*** സിനഡിൽനിന്നു പിരിഞ്ഞു വന്ന് തിരുനെൽവെലി ഡയോസിസ് ട്രസ്റ്റ് അസോസിയേഷൻ എന്ന പേരിൽ ഒറ്റയ്ക്കു അടയാളപ്പെടുത്തിയ ചരിത്രത്തെ എഴുതിയിരുന്നു. തിരുനെൽവേലിയിൽ ഓരോ ആലയത്തിന്റെ മുകളിൽ ഇരുന്ന ***CSI*** എന്ന ബോർഡ് നീക്കി അതിന് പകരമായി റ്റി.ഡി.റ്റി.എ ഡയോസിസ് എന്ന് എഴുതി അപ്രകാരം വിളിച്ചു. ആ അവസ്ഥയിൽ, ഏറ്റവും ആദ്യമായി ***CSI*** രണ്ടായ കഥയും, ***CSI*** ൽ ആരംഭത്തിന്റെ ചരിത്രവും, വീഴ്ചയും ജാമക്കാരനിൽ എഴുതിയിരുന്നു.

17. **ഉത്തരകേരള *CSI* ഡയോസിസ് ബിഷപ്പ് കെ.പി. കുരുവിള** അവർകൾ കേരളത്തിലെ മൂന്നാറ് ***CSI*** സഭയുടെ നിലത്തിലുള്ള തേക്കു മരങ്ങളെ വന അധികാരികളുടെ കാലാവധികഴിഞ്ഞ അനുവാദകത്ത് വച്ചു കൊണ്ട് അതിൽ അനുവദിക്കപ്പെട്ട അളവിന് അധികം മരങ്ങളെ വെട്ടി വിറ്റതിന് ബിഷപ്പ് അവർകൾ കോടതി കയറേണ്ടി വന്നു. ഡയോസിസ് ഓഫീസിൽ ചിലർ ചെയ്ത വലിയ പണ അഴിമതിയ്ക്ക് ബിഷപ്പ് കുറ്റവാളിയാക്കപ്പെട്ടു. പല ലക്ഷങ്ങൾ പിഴ (ഫൈൻ) വിധിക്കപ്പെട്ട് ബിഷപ്പ് അവർകളെ കോടതി ശാസിച്ചു. ഇതെല്ലാം അദ്ദേഹത്തിന്റെ മനസ്സിനെ ബാധിച്ചതുകൊണ്ട് അദ്ദേഹം റിട്ടേടാകുന്നതിന് മുമ്പ് സ്ട്രോക്കുണ്ടായി കിടപ്പിലായി. ഇനി അദ്ദേഹത്തിന് ബിഷപ്പ് പദവിയിൽ തുടരാൻ കഴിയില്ലെന്ന് ഉറപ്പായതിനാൽ പുതിയ ബിഷപ്പിനെ തിരഞ്ഞെടുത്തു. ഈ വിവരത്തേയും ഞാൻ ജാമക്കാരനിൽ എഴുതിയിരുന്നു.

18. ***CSI*** ബിഷപ്പ് ഇലക്ഷനിൽ വോട്ട് എണ്ണിയതിൽ ആദ്യമായി വന്നവരെ ബിഷപ്പായി തിരഞ്ഞെടുക്കാതെ മൂന്നാമതും നാലാമതും സ്ഥാനത്തുള്ളവരെ പണം അല്ലെങ്കിൽ മെരിറ്റും സ്വാധീനവും കൊണ്ട് തോറ്റുപോയ അച്ചനെപോലും ബിഷപ്പായി തിരഞ്ഞെടുത്തതിനെക്കുറിച്ച് ജാമക്കാരൻ മൂലമായി വിമർശിച്ച് എഴുതിയിരുന്നു. ഇതുപോലുള്ള തെറ്റുകൾ ഇനിയും ആർത്തിക്കുകയാണെങ്കിൽ

ബിഷപ്പ് ഇലക്ഷൻ ആവശ്യമില്ലല്ലോ? എന്തിന് ഇലക്ഷൻ വെയ്ക്കുന്നു? അതിന്റെ കാരണത്താൽ പല ബിഷപ്പുമാരുടേയും ഇപ്പോഴുള്ള മോഡറേറ്ററുടെയും വെറുപ്പിനും ഇടയായി.

19. **ദക്ഷിണ കേരള *CSI* ഡയോസിസ് ബിഷപ്പ് റൈറ്റ് റവ. അമൃതം** അവർകളുടെ പുതിയ ഉപദേശത്തെപ്പറ്റിയും അത് വേദപുസ്തകത്തിന് വിരോധമായതുമായിരുന്നു എന്നും എഴുതിയിരുന്നു.



Rt. Rev.
Dr. SAMUEL AMIRTHAM

ഓണം കേരളത്തിലെ ഹിന്ദുക്കളുടെ ഉത്സവമാണ്. എന്നാൽ ബിഷപ്പ് അവർകൾ അത് കേരള സാംസ്കാരികോത്സവമാണ് അതുകൊണ്ട് അത് ***CSI*** സഭയുടെ **ആരാധനയിൽ ക്രിസ്തുമസ്** പോലെ ആഘോഷിക്കാം എന്നറിയിച്ചു. അതോടുകൂടെ ആരാധനയിൽ വായിക്കുന്ന **1-ാം വേദഭാഗം;** 2-ാം വേദഭാഗം അതോടൊപ്പം **ഭഗവത്ഗീത** പുസ്തകത്തിന്റെ ഒരു ഭാഗം ആരാധനയിൽ വേദഭാഗമായി വായിക്കുന്നത് നല്ലതെന്ന് അറിയിച്ചു. ഇതെല്ലാം ആ ഡയോസിസിലുള്ള അച്ചൻമാരും ജനങ്ങളും എന്നെ അറിയിച്ചു.

***CSI*** ഡയോസിസ് മുഴുവനുമുള്ള അച്ചൻമാരും സഭയിലെ കമ്മറ്റിയും ആ കല്പനയെ എതിർത്ത് സഭ കമ്മറ്റി മിനിറ്റ്സ് പുസ്തകത്തിൽ അവരുടെ എതിർപ്പിനെ എഴുതി ആ വിവരത്തെ **സി.എസ്.ഐ മോഡറേറ്റർക്കും, ബിഷപ്പവർകൾക്കും** അറിയിക്കാൻ പറഞ്ഞുകൊണ്ട് ജാമക്കാരനിൽ ഞാൻ എഴുതി. അങ്ങനെ തന്നെ ഡയോസിസ് അച്ചൻമാരും സഭ വിശ്വാസികളും എഴുതിയറിയിച്ചു. ഉടൻതന്നെ ആ കല്പനയെ ബിഷപ്പ് പിൻവലിച്ചു. ദക്ഷിണ കേരള ഡയോസിസിൽ ധാരാളം അച്ചന്മാരും സഭാജനങ്ങളും അതു കാരണമായി എനിക്ക് നന്ദി കത്തുകൾ അയച്ചു.



Most Rev.
OOMEN GEORGE

20. ***CSI*** സഭയ്ക്ക് പുതിയ **മോഡറെറ്ററായി** മദ്ധ്യ കേരള സി.എസ്.ഐ ഡയോസിസ് ബിഷപ്പ് ***Most Rev.* ഉമ്മൻ ജോർജ്** സ്ഥാനമേറ്റു. ഇദ്ദേഹം ഒരു **പുതിയ ഉപദേശത്തെ** 24 സി.എസ്.ഐ ഡയോസിസിനും **ലെന്തുകാല ധ്യാന പ്രാർത്ഥനാ** എന്ന പേരിൽ പുറത്തുവിട്ടു. അതിൽ പ്രകൃതിയിലെ സൃഷ്ടിയിലൂടെ **ദൈവത്തെ കാണണം, ആണും പെണ്ണും അല്ലാത്തവർക്കും ഹിജ്ഡ (തേഡ് ജൻഡർ)**

**വിഭാഗത്തിൽ**പ്പെട്ടവർക്കും ഭരണചുമതലയും ശുശ്രൂഷയിൽ പങ്കും നൽകണം എന്ന് അറിയിപ്പ് പുറപ്പെടുവിച്ചു.

***CSI* മോഡറെറ്ററിന്റെ ഈ കല്പനയെ** ഒരു ഡയോസിസും **അനുസരിക്കരുതെന്നും മൂന്നാമത്തെ ലിംഗക്കാർക്ക്** സഭയിൽ **ഭരണചുമതല** കൊടുത്താൽ നമ്മുടെ സഭയിലുള്ള **യൗവനക്കാർക്ക്** ആപത്തു വരുമെന്നും ഞാൻ എഴുതിയിരുന്നു. അതേസമയം **മൂന്നാമത്തെ ലിംഗക്കാരെ** ദൈവം വെറുക്കുന്നില്ല. അവർ **മാനസാന്തരപ്പെട്ടാൽ** അവർക്കും സ്വർഗ്ഗരാജ്യത്തിൽ പ്രവേശനമുണ്ടെന്ന് എഴുതിയിരുന്നു. എന്റെ 52 വർഷ ദൈവവേലയിൽ വക്കീൽ നോട്ടീസ് അയച്ച ബിഷപ്പുമാരിൽ ആദ്യത്തെ ബിഷപ്പും മോഡറേറ്ററുമായ Most Rev. ഉമ്മൻ ജോർജ് അവർകളാകുന്നു. മുകളിൽ വായിച്ച വിഷയത്തിൽ ഞാൻ എഴുതിയത് തെറ്റോ വ്യാജമോ എന്നു തോന്നിയാൽ മദ്ധ്യകേരള ഡയോസിസിൽ ഉള്ള അച്ചൻമാർ, വിശ്വാസികൾ, എന്നെ എഴുതി അറിയിക്കണം. മോഡറേറ്ററിന് ഈ വിഷയത്തിൽ എന്റെ മേൽ ഉള്ള വെറുപ്പിനു ന്യായം ഉണ്ടോ?

21. അനേക വർഷങ്ങൾക്കു മുമ്പ് സി.എസ്.ഐ സിനാഡ് കൗൺസിൽ യോഗം നടന്നപ്പോൾ 24 ഡയോസിസ് ബിഷപ്പുമാരും, അച്ചൻമാരും കൂടിയിരുന്ന സമയത്ത് **ആരാധനാക്രമം** എന്ന പേരിൽ സി.എസ്.ഐ സഭകളിൽ നുഴഞ്ഞു കയറാൻ ഇരുന്ന ആ പന്തിനെ തടഞ്ഞു നിർത്താൻ ദൈവം എന്നെ നിയോഗിച്ചു.

ആരാധനാക്രമം എന്ന് അച്ചടിക്കപ്പെട്ട പുസ്തകം എല്ലാവർക്കും വിതരണം ചെയ്തു. ആരാധന മോഡറേറ്ററുടെ പ്രാർത്ഥനയോടെ തുടങ്ങി അടുത്തതായി പാട്ടും **സ്തോത്ര ആരാധനയും** നടന്നു. അതിൽ ആകാശത്തേയും, ഭൂമിയേയും ഉണ്ടാക്കിയവനെ സ്തുതിക്കുന്നു എന്ന് വരിവരിയായി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ പെട്ടന്ന് ഞെട്ടിപ്പിക്കുന്ന ഒരു വാചകം കണ്ടു.

യേശുവേ നിന്നെ ആരാധിക്കുന്നു.

യേശുവേ നീയേ **അള്ളാഹു**മായിരിക്കുന്നു.

യേശുവേ നീയേ **മുരുകനായും** ഇരിക്കുന്നു.

നിന്നെ **താമര പൂകൊണ്ട്** ആരാധിച്ചു സ്തുതിക്കുന്നു എന്ന് എഴുതിയത് എല്ലാവരും വായിച്ചു. ആമേൻ എന്നു പറഞ്ഞു അപ്പോഴേയ്ക്കും അവിടെയുള്ള എല്ലാവരും ഞെട്ടിപോയി. അതോടെ യോഗം അവസാനിച്ചു. **മൂന്നു അച്ചൻമാർ, ഒരു ബിഷപ്പ്** ഈ നാലുപേർ ആ **ആരാധനാക്രമം** പുസ്തകത്തിന്റെ ഫോട്ടോ കോപ്പി എനിക്ക് അയച്ചുതന്ന് ഡോക്ടർ സി.എസ്.ഐ സഭയ്ക്ക് വേണ്ടി എന്തെങ്കിലുമൊരു നടപടി എടുത്തു സഹായിക്കണമെന്ന് എനിക്ക് എഴുതി അയച്ചു.

***CSI*** ക്രിസ്തീയ സഭകൾ ഇനി **എല്ലാ മതങ്ങളും ഒന്ന്** എല്ലാ **ദൈവങ്ങളും ഒന്ന്** എന്ന എതിർ ക്രിസ്തുവിന്റെ സിദ്ധാന്തത്തിൽ കൊണ്ടുവരാൻ സി.എസ്.ഐ.യിലെ തലവൻമാരായ ചിലരുടെ പരിശ്രമമായിരുന്നു ഇത്. ഉടൻതന്നെ ജാമക്കാരനിൽ അങ്ങനെ തന്നെ അതിന്റെ കോപ്പി എടുത്ത് ഇന്ത്യയിലും ലോകത്തിലെല്ലാ ഇടത്തുമുള്ള ക്രിസ്ത്യാനികൾക്ക് പ്രത്യേക അറിയിപ്പു എഴുതി അയച്ച് എല്ലാ ഡയോസിസിലുമുള്ള സി.എസ്.ഐ അച്ചൻമാർ, സഭാവിശ്വാസികളായ ഞങ്ങൾ ഈ ഉപദേശത്തെ എതിർക്കുന്നു. ഇത് സി.എസ്.ഐ ആരാധനക്രമത്തിൽ എഴുതി സഭാ ആരാധനയിൽ ഉപയോഗിക്കാൻ പാടില്ലെന്ന് സഭയ്ക്ക് വ്യക്തിപരമായും എഴുതി, സിനാഡിനും മോഡറെറ്ററിനും ബിഷപ്പുമാർക്കും എഴുതി അറിയിക്കാൻ പറഞ്ഞുകൊണ്ട് ഒരു എഴുത്ത് എഴുതി.

***CSI*** സിനഡ് ഹെഡ് ഓഫീസിൽ ഇതിനെ എതിർത്ത് കത്തുകൾ മലപോലെ വന്നുനിറഞ്ഞു. ഒരു വഴിയായി ആ ഉപദേശത്തെ സി.എസ്.ഐ സഭയിൽ കൊണ്ടുവരില്ലെന്നും ആ തെറ്റായ ആരാധന പ്രയോഗങ്ങൾ എങ്ങനെ **സിനഡ് യോഗത്തിൽ വിനിയോഗിക്കപ്പെട്ടത്** എന്ന് അന്വേഷിക്കാമെന്നും മറുപടി വന്നു.

പല ഡയോസിസിൽ നിന്നും ഈ വിഷയത്തിനായി ബിഷപ്പുമാരും, അച്ചൻമാരും സഭാവിശ്വാസികളും എനിക്ക് നന്ദി പറഞ്ഞ് കത്തുകൾ എഴുതിയിരുന്നു. സി.എസ്.ഐ സഭകളെ ആപത്തു നിറഞ്ഞ ഉപദേശത്തിൽ നിന്ന് നിങ്ങൾ രക്ഷിച്ചു ഉടൻ തന്നെ, നിങ്ങൾ പറഞ്ഞതുപോലെ, നമ്മുടെ എതിർപ്പിനെ അറിയിക്കാതിരുന്നാൽ **സകല വിഗ്രഹദൈവങ്ങളെയും പുകഴ്ത്തി** സി.എസ്.ഐ സഭകളിൽ ആരാധന നടത്തിയിരിക്കും എന്ന് എനിക്ക് അവർ എഴുതി.

**യേശു പറഞ്ഞു ഞാൻ തന്നെ വഴിയും സത്യവും** ജീവനും ആകുന്നു. **ഞാൻ വാതിലാകുന്നു. ഈ വാതിൽ വഴിയിലൂടെ അല്ലാതെ** ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയില്ലെന്ന് യേശുക്രിസ്തു ഉറപ്പിച്ചു പറഞ്ഞിരിക്കുമ്പോൾ ചില **അന്തിക്രിസ്തുവിന്റെ ആളുകൾ ബിഷപ്പുമാരുടെയും, അച്ചൻമാരുടെയും വേഷത്തിൽ** സഭയ്ക്കുള്ളിൽ നുഴഞ്ഞുകയറി ഇങ്ങനെയുള്ള **വിഷയത്തെ** കലർത്താൻ നോക്കുന്നു. അവർ ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കയാണ്. കഴിഞ്ഞ വർഷം നമ്മുടെ ***CSI*** യിൽ ഇപ്പോഴുള്ള ***Most Rev.*** ഉമ്മൻ ജോർജ് അവർകൾ മറ്റു മതക്കാരെ ക്രിസ്ത്യാനികൾ മാറ്റി നിർത്താൻ പാടില്ല. **സ്വവർഗ്ഗരതിക്കാരെ** മാറ്റി നിർത്താൻ പാടില്ല. അവർക്ക് നമ്മുടെ സഭയിൽ ചുമതല വഹിക്കാനുള്ള അവസരം കൊടുക്കണമെന്ന് പറഞ്ഞതിനെ ഞാൻ എതിർത്ത് എഴുതിയത് നിങ്ങൾ വായിച്ചിട്ടുണ്ടാകുമല്ലോ.

## ഏകദേശം എല്ലാവരും എന്നെ വെറുത്തു

യേശുവിന്റെ നാമം അല്ലാതെ വോറൊരു നാമവുമില്ല. മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിന് കീഴിൽ **മനുഷ്യരുടെ ഇടയിൽ** നല്ലകപ്പെട്ട വേറൊരു നാമവും ഇല്ല. (അപ്പോസ്തല പ്രവർത്തി 4:12) ദക്ഷിണേന്ത്യയിലുള്ള സകല ബിഷപ്പുമാരുടെയടുത്തും നമ്മുടെ സി.എസ്.ഐ മോഡറെറ്റർ അവർകൾ, ഡോക്ടർ പുഷ്പരാജ് അവർകൾ ബിഷപ്പുമാരെ വല്ലാതെ അപമാനപ്പെടുത്തി ജാമക്കാരനിൽ എഴുതുന്നു. അദ്ദേഹം ബിഷപ്പുമാരെ എപ്പോഴും കുറ്റം പറഞ്ഞ് അപമാനിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തെ സി.എസ്.ഐ സഭകളിൽ ഉപയോഗിക്കാൻ പാടില്ലെന്ന് ഒരു എഴുതാത്ത നിർദ്ദേശം നൽകിയതായി ഞാൻ കേൾക്കാൻ ഇടയായി. കുറ്റം ചെയ്തവർക്കും, തെറ്റുകൾ ചെയ്തവർക്കും മാത്രമേ എന്റെ മേൽ വെറുപ്പുണ്ടാകുകയുള്ളൂ.

മുകളിൽ ഞാൻ ജാമക്കാരനിൽ **വിമർശിച്ചും, തെറ്റുകൾ ചൂണ്ടിക്കാണിച്ചും** എഴുതിയവരുടെ എണ്ണം വളരെ കുറവാണ്. ഈ **ജാമക്കാരനിൽ എഴുതാത്ത ആളുകൾ, പാസ്റ്റർമാർ, ബിഷപ്പുമാർ** ഇവരുടെ എണ്ണം ഇതിലും അധികമാണ്. **ജാമക്കാരൻ:- ഇന്ത്യയിൽ പാസ്റ്റർമാരുടേയും, ബിഷപ്പുമാരുടേയും, മോഡറെറ്റർമാരുടേയും, വെറുപ്പിനാളായി. ഇപ്പോൾ അന്യഭാഷയെ പറ്റിയും, പെന്തക്കോസ്ത് സഭകളുടെ തെറ്റായ ഉപദേശങ്ങളെ പറ്റിയും എഴുതിയും സകല പെന്തക്കോസ്തു സഭകളുടെ വെറുപ്പും ഞാൻ സമ്പാദിച്ചു. എന്നെ വെറുക്കേണ്ടവർ ഇനി ആരും തന്നെ ഇല്ല എന്ന് ഞാൻ കരുതുന്നു. ഇങ്ങനെ എല്ലാവരാലും വെറുക്കപ്പെട്ട എന്നെപോലുള്ള സുവിശേഷകനെ ഇത് വായിക്കുന്ന ആരെങ്കിലും കണ്ടിട്ടുണ്ടോ?**

എന്റെ കർത്താവായ യേശുക്രിസ്തുവും എന്റെ വായനക്കാരിൽ ചിലരും എന്നെ വെറുത്തിട്ടില്ലെന്ന് എനിയ്ക്കറിയാം. എനിയ്ക്കതു മതി. ദൈവത്തിന് സ്തോത്രം എന്നെകുറിച്ചും എന്റെ ശുശ്രൂഷയെക്കുറിച്ചും നിങ്ങൾ അറിഞ്ഞിരിക്കണം.

## ദൈവം എനിയ്ക്കു തന്ന മൂന്നു പ്രത്യേക ശുശ്രൂഷകൾ

1. യേശുവെ അറിയാത്ത ആദിവാസി ജനങ്ങൾക്ക് സുവിശേഷം അറിയിക്കൽ; അത് എന്റെ മെഡിക്കൽ പഠിത്തംമൂലം മെഡിക്കൽ ക്യാമ്പ് നടത്തി ഇന്ത്യയുടെ ഓരോ സംസ്ഥാനത്തിലും മാസത്തിൽ ഒരു ആഴ്ച മുഴുവനും കാടിനുള്ളിൽ താമസിച്ച് ആദിവാസി ഗ്രാമങ്ങളെ ഞങ്ങൾ ഒരു ടീമായി ഒരുമിച്ചു അവരെ പോയി കണ്ട് സുവിശേഷം അറിയിച്ചു വരുന്നു.

2. സഭകൾ ഇന്ന് ആവേശം ഉണ്ടാക്കുന്ന ഉപദേശത്തിൽ ആകർഷിക്കപ്പെട്ട് അതുനോക്കി യാത്ര ചെയ്യുന്നു. അതുകൊണ്ട് മാസത്തിൽ മൂന്ന് ആഴ്ചകളിൽ എന്നെ വിളിക്കുന്ന സഭകളിൽ കൺവൻഷൻ മൂലമായി സഭാമക്കളെ വചനത്തിന് നേരെ ദിശ തിരിച്ച് കുടുംബ ആലോചനകളെ അവർക്ക് അറിയിച്ചു വരുന്നു.

ഇന്ന് എല്ലാ സഭകളിലും പ്രസംഗം ഉണ്ട്. എന്നാൽ പഠിപ്പിക്കലില്ല. വേദപുസ്തകത്തിലെ വചനങ്ങളെ വിവരിച്ചു പറയാൻ ആളുകളില്ല. അതുകൊണ്ട് എന്റെ യോഗങ്ങളിൽ ഓരോ ദിവസവും വൈകുന്നേരം പ്രസംഗത്തിന് പകരം ബൈബിൾ പഠനമായിരിക്കും നടക്കുക. വചനത്തെ അറിയാൻ ആഗ്രഹിക്കുന്ന ഒരു കൂട്ടം ജനങ്ങൾ എല്ലാ വിഭാഗം സഭകളിലും ഉണ്ട്. എന്നെ വിളിച്ച് യോഗങ്ങൾ ക്രമീകരിക്കുന്നു.

3. **ജാമക്കാരൻ മാസിക പ്രവർത്തനം (ശുശ്രൂഷ)**

ഇത് ഏറ്റവും മുഖ്യമായതും വളരെ ആപത്തുള്ളതുമാണ്. കർത്താവ് എന്തിനാണ് ഇത് എന്റെ കൈയ്യിൽ ഏല്പിച്ചതെന്ന് പലരും ചോദിക്കുന്നു. മാസികയിൽ എല്ലാവരെയും കുറ്റം പറഞ്ഞ് മറ്റുള്ളവരുടെ കുറ്റങ്ങളെ ചൂണ്ടിക്കാട്ടി എഴുതുന്നതുകൊണ്ട് നിങ്ങൾക്ക് എന്ത് ലാഭം?

ഏത് പാസ്റ്ററോ ബിഷപ്പോ; ഏതു സഭയോ തെറ്റു ചെയ്താൽ അതിനെ അന്വേഷിക്കാനും ന്യായം ചോദിക്കാനും ദൈവം ഉണ്ടല്ലോ? മറ്റു പാസ്റ്റർമാർ എന്തു തെറ്റു ചെയ്താലും അഴിമതി ചെയ്താലും അല്ലെങ്കിൽ പാപം ചെയ്താലും നിങ്ങൾക്ക് എന്താണ്?

നിന്നാലും, വീണാലും അവർ ദൈവത്തിനാണ് കണക്കു കൊടുക്കുന്നത്. അതുകൊണ്ട് നിങ്ങൾ എന്ത്? ലേവി 5 : 1, അപ്പോ.പ്ര. 21 : 20, യഹേസ്കൽ 3 : 20 ഈ വചനങ്ങളെ വായിച്ചു നോക്കുവിൻ. സഭയെ പറ്റിയും, വായനക്കാർക്കുണ്ടായ ഉപദേശ കുഴപ്പങ്ങളെപ്പറ്റിയും വായനക്കാർക്ക് എന്തുകൊണ്ട് അറിയിച്ചില്ലെന്ന് ദൈവം എന്നോടാണല്ലോ കണക്കു ചോദിക്കുന്നത്! അറിയിച്ചില്ലെ? മുന്നറിയിപ്പു കൊടുത്തോ?

ജാമക്കാരൻ എന്ന പേരും ദൈവം ഒരു പദ്ധതിയോടു കൂടെയാണ് എന്റെ മാസികയ്ക്ക് കൊടുത്തിരിക്കുന്നത് എന്ന് ഞാൻ കരുതുന്നു. **ദൈവവചനപ്രകാരം ജാമക്കാരന് രണ്ട് ജോലിയുണ്ട്.**

1. ജാമക്കാരൻ കാവൽ ഗോപുരത്തിൽ നിന്നുകൊണ്ട് ദൂരത്തു നിന്നുവരുന്ന ശത്രുക്കളെക്കുറിച്ചും, എതിരാളികളെ കുറിച്ചും ദേശത്തിലെ ജനങ്ങൾക്ക് അറിയിക്കണം.
2. ജാമക്കാരന് ഗോപുരത്തിൽ നിന്നുകൊണ്ട് താഴെ ദേശത്തിലെ ജനങ്ങളേയും അവർ ചെയ്യുന്ന കുറ്റകൃത്യങ്ങളേയും അഴിമതികളെയും കാണാൻ കഴിയും. അതെല്ലാം അറിഞ്ഞ് നാട്ടിലെ ജനങ്ങൾക്ക് മുന്നറിയിപ്പു കൊടുക്കണം.

**ഈ രണ്ടു ജോലിക്കുവേണ്ടിയാണ് ദൈവം ജാമക്കാരൻ എന്ന് പേർ കൊടുത്ത് ഈ മാസികാപ്രവർത്തനത്തെ എന്റെ കൈയ്യിൽ കൊടുത്തത്.**

മുന്നറിയിക്കുന്നത്, അറിയിക്കുന്നത് ഈ രണ്ട് പ്രവർത്തനങ്ങളും ജാമക്കാരൻ മാസിക മൂലമായി ഞാൻ ചെയ്യുന്നു. ഈ മാസിക എല്ലാവരും വായിക്കുന്ന മാസികയല്ല. എന്റെ വായനക്കാർക്ക് വേണ്ടിയും – വായനക്കാർ മുഖാന്തരമായും നടക്കുന്ന മാസികയാണ്. വായനക്കാരെ മുന്നറിയിച്ച് അവർക്ക് ശരിയായ ഉപദേശത്തെ പറഞ്ഞു കൊടുക്കുന്നു. തെറ്റായ പാസ്റ്റർമാർ ആര്? ഏതാണ് ശരിയായ പ്രവർത്തനം എന്നുള്ളത് എന്റെ വായനക്കാർക്ക് വേണ്ടി മാത്രം ഞാൻ എഴുതുന്നു.

ഒന്നു മനസ്സിലാക്കണം ആരെന്നെ വെറുത്താലും എനിക്ക് പണം അയച്ചാലും, ഇല്ലെങ്കിലും ശരി. എന്റെ വായനക്കാരെ ബാധിക്കുന്ന ഏത് തെറ്റായ ഉപദേശത്തേയും ഞാൻ ചൂണ്ടികാണിക്കും. സി.എസ്.ഐ., ലൂഥറൻ, മാർത്തോമ, പെന്തക്കോസ്ത് പോലുള്ള എല്ലാ സഭകളിലും എന്റെ ജാമക്കാരൻ വായനക്കാരുണ്ട്. **എന്റെ വായനക്കാരെ ബാധിക്കുന്ന** ബിഷപ്പുമാരുടെ സാക്ഷിയില്ലാത്ത ജീവിതമോ, സഭകളിൽ നടക്കുന്ന അഴിമതികളോ ഏതെല്ലാം എന്റെ വായനക്കാരെ ബാധിച്ചാലും, വ്യക്തിപരമായി പാസ്റ്റർമാരാൽ വായനക്കാർ ബാധിക്കപ്പെട്ടാലും അവയെപ്പറ്റി വചനത്തിന്റെ അടിസ്ഥാനത്തിൽ തുടർന്ന് ജാമക്കാരനിൽ എന്റെ മരണം വരെ എഴുതി അറിയിച്ചുകൊണ്ടേ ഇരിക്കും. ദൈവം എനിക്കു തന്ന വായനക്കാരുടെ ആത്മീക ജീവിതത്തെപ്പറ്റിയും വായനക്കാർക്കുണ്ടാകുന്ന ഉപദേശകുഴപ്പങ്ങളെ പറ്റിയും ദൈവം എന്നോട് മാത്രമാണ് കണക്ക് ചോദിക്കുക. നീ അറിയിച്ചോ? മുന്നറിയിപ്പു നല്കിയോ എന്ന് എന്നോടലേ ദൈവം ചോദിക്കുക?

മുൻപുള്ള ഭാഗങ്ങളിൽ പല പാസ്റ്റർമാരെക്കുറിച്ചും പല സഭകളുടെ തെറ്റായ ഉപദേശങ്ങളെപ്പറ്റിയും അഴിമതി ചെയ്ത ബിഷപ്പുമാർ, മോഡറേറ്റർമാരെക്കുറിച്ചെല്ലാം ഞാൻ എഴുതിയതിൽ നുണയായ കാര്യങ്ങൾ ഒന്നുമില്ല. ആരെയും അപമാനിക്കുന്ന തരത്തിൽ എഴുതിയിട്ടില്ല. ഇവരിൽ

മിക്കവാറും ആളുകളുടെ മുഖം കൂടി ഞാൻ ഇതുവരെ കണ്ടിട്ടില്ല. ഇവരാരും എനിയ്ക്കോ, എന്റെ പ്രവർത്തനത്തിനോ ഒരു പ്രശ്നങ്ങളും തടസ്സങ്ങളും ഉണ്ടാക്കിയിട്ടില്ല! എന്നാലും എന്റെ വായനക്കാരെ തെറ്റായ ഉപദേശത്തിൽ നിന്നു രക്ഷിക്കാനും, കർത്താവിനെ വിട്ടു പിൻമാറിപോയ ദൈവദാസൻമാരെ അടയാളം കാണിച്ചു കൊടുക്കാനും, സി.എസ്.ഐ. സഭകൾ, ലൂഥറൻ സഭകൾ മാർത്തോമാസഭകൾ നമ്മുടെ കണ്ണിൻ മുമ്പിൽ പാപം ധൈര്യമായി ചെയ്യുന്നതു കൊണ്ട് സഭ നശിച്ചു പോകുന്നല്ലോ! അതിന് വേണ്ടി വായനക്കാരെ ഇവർക്കായി പ്രാർത്ഥിയ്ക്കാൻ ഉത്സാഹിപ്പിയ്ക്കാനുമാണ് ജാമക്കാരൻ എഴുതുന്നത്.

ഇവരിൽ ഭൂരിഭാഗം പാസ്റ്റർമാർ, ബിഷപ്പുമാർ എന്നെക്കുറിച്ചു പല്ലുകടിച്ച് തങ്ങളുടെ വെറുപ്പു കാണിക്കുന്നു. പലവിധ തടസ്സങ്ങളെ എന്റെ പ്രവർത്തനത്തിന് എതിരായി ചെയ്താലും എന്റെ പ്രവർത്തനം എപ്പോഴും പോലെ വിജയകരമായി നടന്നു കൊണ്ടിരിക്കുന്നു.

**എന്നെകൊല** ചെയ്യാൻ ശ്രമിച്ചു, രണ്ടു പ്രാവശ്യം ഞാൻ രക്ഷപ്പെട്ടു. **ഗുണ്ടകളെ** അയച്ചു ഭീഷണിപ്പെടുത്തി. പോലീസ് മുഖേനയും റൗഡികൾ മുഖേനയും **ഭീഷണിപ്പെടുത്തി**. ഇതുവരെ എന്റെ ദൈവം എന്നോടുകൂടെ ഇരുന്നുകൊണ്ട് എന്നെ ഭദ്രമായി സൂക്ഷിച്ചു. ആയുസ്സിനേയും, ആരോഗ്യത്തെയും കൂട്ടി തന്ന് വഴി നടത്തുന്നു. ദൈവത്തിന് മഹത്വം ഉണ്ടാകട്ടെ.


എനിക്ക് വേണ്ടി പ്രാർത്ഥിക്കുന്നവർ എത്രയോ പേരുണ്ട്. അവരുടെ കുടുംബപ്രാർത്ഥനയിൽ എന്റെ ഫോട്ടോ വച്ച് എനിയ്ക്ക് വേണ്ടി പ്രാർത്ഥിക്കുന്നവരെ എനിയ്ക്കറിയാം. അവരുടെ വ്യക്തിപരമായുള്ള പ്രാർത്ഥനകളിൽ എനിയ്ക്ക് വേണ്ടിയും എന്റെ സുരക്ഷിതത്ത്വത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്ന ഹൃദയങ്ങളെ ധാരാളമായി ദൈവം തന്നിട്ടുണ്ട്.

എന്നെ ഓർത്തു ഇങ്ങനെ പ്രാർത്ഥിക്കുന്നവർ ധാരാളം, ധാരാളം; ഇത്രപേരുടെ പ്രാർത്ഥന വ്യർത്ഥമായി പോകുമോ? അവരുടെ പ്രാർത്ഥനകളും എന്റെ പ്രാർത്ഥനയും എനിയ്ക്ക് കോട്ടയായിരിക്കുന്നു. എനിക്കായി പ്രാർത്ഥിക്കുന്നവരും, ഞാൻ ചോദിക്കാതെ തന്നെ എനിക്ക് പണം അയച്ച് സഹായിക്കുന്നവരും, അയച്ച പണത്തിന്റെ രസീതു കൂടെ പ്രതീക്ഷിക്കാതെ തുടർച്ചയായി പണം അയച്ചു സഹായിക്കുന്നവരും ഈ പ്രവർത്തനത്തെ താങ്ങിക്കൊണ്ടിരിക്കുന്നു! ഇവർക്കെല്ലാവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. അവർക്ക് വേണ്ടി എന്റെ ദൈവത്തെ സ്തുതിക്കുന്നു.

**ജാമക്കാരൻ :–** കർത്താവായ യേശുക്രിസ്തു എന്നെ വിശ്വസ്ഥൻ എന്നു എണ്ണി. ഈ വ്യത്യാസമായ ജാമക്കാരന്റെ ആപത്തു നിറഞ്ഞ പ്രവർത്തനത്തിന് ഏർപ്പെടുത്തിയിരിക്കയാൽ അവനെ സ്തുതിക്കുന്നു. (1 തിമൊ. 1 : 11).

എന്റെ സ്വന്തപ്രവർത്തനത്തിന്റെ ആഴമായ വിവരങ്ങളെ എന്ത് കൊണ്ടാണ് എഴുതുന്നതെന്നാൽ, ഇതുവരെ ഏകദേശം എല്ലാ പാസ്റ്റർമാരുടെയും ബിഷപ്പുമാരുടെയും പക ഞാൻ സമ്പാദിച്ചു. ഇപ്പോൾ എന്നെയും എന്റെ പ്രവർത്തനത്തേയും സഹായിക്കുന്നവരും, സ്നേഹിക്കുന്നവരും, എനിക്ക് വേണ്ടി പ്രാർത്ഥിക്കുന്നവരും കുറച്ചുപേരെങ്കിലും എല്ലാ സഭകളിലും ഉണ്ടായിരുന്നാലും എന്റെ പ്രവർത്തനത്തെ സഹായിക്കുന്നവരും സ്നേഹിക്കുന്നവരും പെന്തക്കോസ്തു സഭകളിലും ഉണ്ട്. ഇപ്പോൾ അന്യഭാഷ കുഴപ്പത്തെക്കുറിച്ച് എഴുതിയ ലേഖനത്തിൽ ഉപയോഗിച്ച ചില കഠിനമായ വാക്കുകളാൽ അവർ ഏറ്റവും വേദനിച്ചിട്ടുണ്ടാകും. അങ്ങനെയുള്ള എല്ലാ പെന്തക്കോസ്തു സഭക്കാരും എന്നെ തീർച്ചയായും വെറുക്കുമെന്ന് ഞാൻ അറിയുന്നു.

1. ***ECI Church*** ബിഷപ്പ് എസ്രാ സർഗുണം അവർകളുടെ മകൾ പഠിക്കുന്ന കാലം മുതൽ പറയപ്പെട്ട കണക്ക് പ്രകാരം മകളുടെ മൂന്നാമത്തെ വിവാഹത്തെക്കുറിച്ച് ജാമക്കാരനിൽ എഴുതിയിരുന്നു. ആ മകളുടെ ഈ വചനവിരുദ്ധമായ തെറ്റിന് സമ്മാനമായി ഇന്ന് അവരെ ബിഷപ്പ് കമ്മീസറിയായി പദവി ഉയർത്തി കൊടുത്തിട്ടുണ്ട്. ബിഷപ്പ് എസ്രാ സത്ഗുണത്തിന്റെ കാലത്തിനു ശേഷം സഭകളുടെ സ്വത്തുക്കൾ മറ്റാർക്കും കൈമാറാൻ പാടില്ലെന്ന ഉദ്ദേശ്യത്തിലാണ് ഈ പദവി കയറ്റം കൊടുത്തിരിക്കുന്നത് എന്ന് അവരുടെ സഭക്കാർ ഊഹിക്കുന്നു എന്ന് ജാമക്കാരനിൽ ഞാനെഴുതി.



Founder, E.C.I. Church
Bishop Rev. ESRA SARGUNAM



Bishop Commisary **KATHIROLI MANICKAM**

2. മാർത്തോമ്മ സഭയിൽ പല പാപ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട ബിഷപ്പ് എന്ന് സഭാ വിശ്വാസികൾക്കും അച്ചന്മാർക്കും നന്നായി അറിയുമെന്ന് പറയപ്പെടുന്നു. ആ പരാതികളെക്കുറിച്ച് അവരുടെ മണ്ഡലത്തിലും (ജനറൽ ബോഡി) മാർത്തൊാമ്മ ബിഷപ്പുമാരുടെ ഇടയിലും ചർച്ചചെയ്യപ്പെട്ടതായി പറയപ്പെടുന്നു.

അതിനെക്കുറിച്ച് ജാമക്കാരനിൽ വിശദമായി എഴുതിയിരുന്നു. ഞാനെഴുതിയതുകൊണ്ട് എന്റെ മേൽ അന്വേഷണം നടത്തി. അതിന്റെ ഫലം എന്താണെന്നറിയാമോ? മാർത്തോമ്മ സഭയിൽ നിന്ന് ഡോ. പുഷ്പരാജ് എന്നെ മുടക്കിയതായി അവരുടെ മാസികയായ സഭാധാരയിലറിയിച്ചു. കോഴഞ്ചേരി മാർത്തോമ്മ വലിയപള്ളിയിലെ യുവജനസഖ്യത്തിലുള്ള യുവാക്കൾ ആ തിരുമേനിക്കെതിരായി ലഘുലേഖ എഴുതി ഇറക്കിയത് അതുപോലെ ഞാൻ എന്റെ ജമാക്കാരനിൽ പരസ്യപ്പെടുത്തി. ഇത്ര പരാതികൾ അദ്ദേഹത്തിന്റെ മേൽ ഉണ്ടായിട്ടും, അദ്ദേഹത്തിന് മാർത്തോമ്മ സഭ അവരുടെ സഭയിലേറ്റവും ഉയർന്ന പദവി സമ്മാനമായി കൊടുത്തു. ഈ വിവരങ്ങളെല്ലാം എഴുതിയതുകൊണ്ട് മാർത്തൊമ്മ സഭയിലെ ഒരു കൂട്ടം എന്നെ വെറുത്തു.

3. (സി.പി.എം) ***TPM*** എന്ന് സഭയെക്കുറിച്ച് നല്ല പേരുണ്ട്. ആ സഭയെ മറ്റു പെന്തക്കോസ്തു സഭയെക്കാൾ ഉയർന്ന സ്ഥാനത്തുള്ള സഭയെന്ന് പെന്തക്കോസ്തുകാർ പറയും.

- ☐ തമിഴ്നാട്ടിലെ തൂത്തുക്കുടി ***TPM*** സഭയുടെ സീനിയർ പാസ്റ്റർ ***TPM*** സഭയുടെ തലപ്പത്തിരിക്കുന്ന പ്രധാന പാസ്റ്റർമാരിൽ ഒരാളാണ് ഇദ്ദേഹം. അദ്ദേഹം (സെൻട്രൽ പാസ്റ്റർ) ആ സഭയിൽ തൂത്തുവാരുന്ന പെണ്ണിന് ഉണ്ടായ ഗർഭത്തിന് കാരണമായി. ആ സംഭവം പുറത്തു വരാതിരിക്കാൻ വേണ്ടി സഭാ പണത്തിൽ നിന്ന് പെണ്ണിന്റെ അപ്പന് 40 ലക്ഷം കൈമാറിയതായി പറയപ്പെടുന്നു. അതിന്റെ വിവരങ്ങൾ തമിഴ്നാട് ദിനപത്രത്തിൽ പുറത്തു വന്നു. ആ വിവരങ്ങളെ ജാമക്കാരനിലും ഞാൻ പരസ്യപ്പെടുത്തി. ആ സീനിയർ പാസ്റ്റർ ധാരാളം പേർക്ക് അന്യഭാഷ സംസാരിക്കാൻ പഠിപ്പിച്ചിരുന്നു. ഈ വിവരങ്ങൾ ചൂണ്ടിക്കാണിച്ച് ഡോ. പുഷ്പരാജായ ഞാൻ ***TPM*** സഭാ നേതാക്കൾക്ക് കത്തെഴുതി. നല്ല സഭയുടെ സാക്ഷ്യം നഷ്ടപ്പെട്ടുപോയി, അതുകൊണ്ട് നടപടി എടുക്കണം എന്ന് ഞാൻ എഴുതി മറുപടി കിട്ടിയില്ല. പക്ഷേ ആ പാസ്റ്ററെ തന്റെ സ്ഥാനത്തു നിന്നും നീക്കി. ***TPM*** ബുക്ക്സ്റ്റാളിന്റെ ചുമതല ഏൽപ്പിച്ചതായി പറയപ്പെടുന്നു.

- ☐ അതേ തൂത്തുക്കുടി ൗണിൽ കൂടുതൽ സഭാഅംഗങ്ങൾ നിറഞ്ഞ ***TPM*** സഭയുടെ നല്ല ആത്മീയനായ പാസ്റ്റർ സഭയെ നടത്തിക്കൊണ്ടിരുന്നു. ആ പാസ്റ്റർ സഭയെ വളരെ കർശനമായി നടത്തുന്നയാളാണ്. ആ പാസ്റ്റർ തന്റെ സഭയിലുള്ള സഭാ വേലക്കാരികൾ ***(sisters)*** ചെയ്ത തെറ്റിനെ പരസ്യമായി ശാസിച്ചതു

കൊണ്ട് ആ ദൈവവേലക്കാരികൾ പ്രതികാരം ചെയ്യാൻ ആരംഭിച്ചു. ഒരു ദിവസം രാത്രി പാസ്റ്ററുടെ കഴുത്ത് ഞെക്കിക്കൊന്നതായി പറയപ്പെടുന്നു. തലപ്പത്തുള്ള പാസ്റ്റർമാർ വന്ന് ഇങ്ങനെയുള്ള സീനിയർ പാസ്റ്റർമാരെ അടക്കം ചെയ്യണമെന്ന് നിയമമുണ്ട്. പക്ഷെ വളരെ തിരക്കിട്ട് ശവസംസ്ക്കാരം ചെയ്യാൻ വേണ്ടി ലോക്കൽ പാസ്റ്റർമാർ ആരാധന നടത്തി. പക്ഷെ മരിച്ച പാസ്റ്ററുടെ സഹോദരനും, സഹോദരിയും ഈ മരണത്തിൽ ഞങ്ങൾക്ക് സംശയമുണ്ടെന്ന് എഴുതിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് ഇടപെട്ട് പോസ്റ്റ്മോർട്ടം ചെയ്യാൻ ശരീരം കൊണ്ടുപോയി. ഇതിനിടയിൽ ചെന്നൈയിലുള്ള സഭയിൽ അംഗമായുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാരും,മാന്യന്മാരും, പോലീസ ഐജി, മന്ത്രിമാർ ഇവരോട് സംസാ രിച്ച് തൂത്തുക്കുടിപോലീസിന് ഈ കേസ് ഒന്നുമില്ലാതാക്കാൻ നിർദ്ദേശം നല്കിയതുകൊണ്ട് വീണ്ടും ഒരു ശവസംസ്ക്കാര ആരാധനനടത്തി അന്ന് രാത്രി തന്നെ ശരീരത്തെ അടക്കം ചെയ്തു. ഒരു നല്ല സഭയ്ക്ക് ചീത്തപേരുണ്ടാകാതിരിക്കാൻ ഈ ഏർപ്പാടിന് സമ്മതിച്ചതായി പോലീസ് ഡിപ്പാർട്ട്മെന്റ് പറഞ്ഞതായി കേട്ടു. എന്നാലും ഈ വിവരങ്ങളെല്ലാം ദിനപത്രത്തിൽ വന്നു. ആ വിവരങ്ങളും ഞാൻ ജാമക്കാരനിൽ അദ്ദേഹത്തിന്റെ ഫോട്ടോ സഹിതം പരസ്യപ്പെടുത്തി. തൂത്തുക്കുടി ***TPM*** സഭയുടെ അംഗങ്ങളായ സഭാപ്രമാണികൾ വെറുതെ ഇരിക്കുമോ? എന്നെ ഫോണിൽ വിളിച്ച് അവർ ശാസിച്ചു. ദിനപത്രത്തിൽ പരസ്യപ്പെടുത്തിയവരെ ഒന്നും പറയാതെ ജാമക്കാരനിൽ പരസ്യപ്പെടുത്തിയ എന്നെ മാത്രം സഭയിൽ പരസ്യപ്പെടുത്തി. സഭാജനങ്ങളെല്ലാവരും എനിക്ക് ശാപമിട്ടു; അന്യഭാഷയിൽ എന്നെ വഴക്കു പറഞ്ഞു. ആ ശാപമെല്ലാം ഞാൻ വാങ്ങിവച്ചു.

അതേപോലെ കേരളത്തിലും ഒരു പാസ്റ്ററെ കൊല ചെയ്ത വിവരം മനോരമ പത്രത്തിൽ കഥപോലെ മാസക്കണക്കിന് പരസ്യപ്പെടുത്തിയിരുന്നു. പാസ്റ്ററുടെ കൊലയ്ക്ക് കാരണമായ വ്യക്തി നാട്ടിലുള്ള ഒരു ഉയർന്ന സ്ഥാനത്തുള്ള വ്യക്തിയാണ്. അദ്ദേഹത്തിന്റെ തെറ്റുകളെ പാസ്റ്റർ ചൂണ്ടിക്കാണിച്ച് വിശുദ്ധ മേശയിൽ പങ്കെടുക്കരുതെന്ന് ജനങ്ങളുടെ മുമ്പിൽ വച്ച് പരസ്യമായി തടഞ്ഞു. അതിന്റെ പ്രതികാരമായിട്ടാണ് ഈ കൊലപാതകം നടന്നത്. ശവസംസ്ക്കാരവും കഴിഞ്ഞു. പക്ഷേ ചിലർ ഇത് സാധാരണ മരണമല്ല എന്ന് പത്രം വഴി അറിയിച്ചു. പോലീസ് അന്വേഷണം നടത്താൻ വേണ്ടി കോടതി നിർദ്ദേശിച്ചു. അടക്കം ചെയ്ത ശവം വീണ്ടും പുറത്തെടുത്ത് പോസ്റ്റുമാർട്ടം ചെയ്തു ഇത് സാധാരണ മരണമെന്ന് റിപ്പോർട്ട് ചെയ്യാൻ ഗവൺമെന്റ് ഡോക്ടറിന് വലിയ ഒരു തുക കൈമാറി. ആ

ആഴ്ചയിൽ തന്നെ ആ ഡോക്ടർ വേറെ സ്ഥലത്തേക്ക് മാറിപ്പോയി. എന്നിട്ടും പോലീസുകാർ വിട്ടില്ല. ആ കേസ് പലമാസങ്ങൾ തുടർന്നു വന്നു. ആ കഥ നീണ്ടുപോകുന്നു. യഥാർത്ഥ വിവരങ്ങൾ ഞാൻ ജാമക്കാരനിൽ പരസ്യപ്പെടുത്തി.

***TPM*** സഭ അന്യഭാഷയ്ക്ക് പ്രധാന സ്ഥാനം കൊടുക്കുന്ന സഭ യാണ്. പാസ്റ്റർ മുതൽ സഭാക്കാർ വരെ, അന്യഭാഷ സംസാരിക്കാത്തവരായി ആരുമില്ല. ഇവർക്ക് പ്രവചനങ്ങൾ ഉണ്ട്. ഇങ്ങനെയുള്ള സംഭവങ്ങൾ നമുക്ക് ചില പാഠങ്ങൾ പഠിപ്പിക്കുന്നു.

- ☐ ഐ.പി.സി സഭ ലീഡർഷിപ്പ് സ്ഥാനത്തിന് ഇലക്ഷൻ നടന്നു. പത്തനംതിട്ട എന്ന സ്ഥലത്താണ് ഈ സംഭവം നടന്നത്. പോലീസ് വന്ന് ഇടപെട്ടതായി വാർത്തകൾ വന്നു.

ഇങ്ങനെയുള്ള വിഷയങ്ങൾ ഞാൻ പരസ്യപ്പെടുത്തിയതുകൊണ്ട് മാർത്തോമ്മ സി. എസ്. ഐ സഭാനേതാക്കൾ എന്നെ വെറുത്തതുപോലെ പെന്തക്കോസ്തു സഭാക്കാരും എന്നെ വെറുക്കാൻ തുടങ്ങി. **(ഗലാത്യർ. 4:16 ) നിങ്ങളോട് സത്യം പറക കൊണ്ട് ഞാൻ നിങ്ങൾക്ക് ശത്രുവായിപ്പോയോ ?**

ഇങ്ങനെ എഴുതുന്നതുകൊണ്ട് ഞാൻ അവരോട് ക്ഷമ ചോദിക്കും എന്ന് കരുതേണ്ട കാരണം ഞാൻ തെറ്റായി എഴുതിയിരുന്നാലല്ലേ ക്ഷമ ചോദിക്കേണ്ടതുള്ളൂ അതുകൊണ്ട് പെന്തക്കോസ്ത് സഭ പാസ്റ്റാർമാരോടും വിശ്വാസികളോടും ഞാൻ ചോദിക്കുന്നതെന്തെന്നാൽ അന്യഭാഷാ വിഷയത്തിൽ മറ്റുള്ളവരുടെ അനുഭവങ്ങളെ പിൻ പറ്റാതെ വചനത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ ഭാഷയെ നിങ്ങൾ തന്നെ പരിശോധിച്ചു നോക്കുവിൻ. വെളിച്ച ദൂതന്റെ ജ്ഞാനമുള്ള പരിശുദ്ധാത്മാവിനെ അനുകരിച്ച് പിശാചു കാണിക്കുന്ന മായയായ കാഴ്ചകളിലും ശബ്ദങ്ങളിലും ശരീരത്തിലുണ്ടാകുന്ന താൽക്കാലികമായ നിർവൃതിയിലും മുഴുകി പോകാതെ നിങ്ങളുടെ അന്യഭാഷയെ പരിശോധിച്ചു നോക്കുവിൻ. ശരിയായ വചനത്തിന്റെ അടിസ്ഥാനത്തിൽ പരിശുദ്ധാത്മാവ് തന്നെ **വായനക്കാരായ നിങ്ങളെ വഴി നടത്തട്ടെ.**

# 2020-ാം വർഷം എന്റെ മാസിക വായനക്കാരുടെ വീടു സന്ദർശനം

അഞ്ച് അല്ലെങ്കിൽ പത്തു വർഷങ്ങളിൽ ഒരു പ്രാവശ്യം ജാമക്കാരൻ വായനക്കാരുടെ വീടു സന്ദർശിക്കുന്നത് നേരത്തെ ഞാൻ ചെയ്തിരുന്നു. എന്റെ പ്രാർത്ഥനാ കുറിപ്പിൽ രോഗക്കിടക്കയിൽ ഉള്ളവരുടെ വീടുകളെയും പ്രശ്നമുള്ള വരുടെ വീടുകളും ഞാനും എന്റെ ഭാര്യയും നേരിൽ ചെന്ന് അവർക്ക് വേദ വചന ആലോചനകളെ പറഞ്ഞ് പ്രാർത്ഥിച്ച് വരുന്നത് ഞങ്ങളുടെ പതിവായിരുന്നു. പക്ഷേ കഴിഞ്ഞ 25 വർഷങ്ങളായി ആ ശുശ്രൂഷയെ നിർത്തി, കാരണം കൂടുതൽ കൺവെൻഷനും വേലയും അധികം വർദ്ധിച്ചതുകൊണ്ട് വീടു സന്ദർശനശുശ്രൂഷ മുടങ്ങിപ്പോയി. വായനക്കാരുടെ വീട്ടുവിശേഷങ്ങളിൽ പങ്കെടുക്കാൻ കഴിയാതെ പോയി. പലരും ഇതിനെക്കുറിച്ച് എഴുതി. വീണ്ടും ഈ ശുശ്രൂഷ തുടങ്ങണമെന്ന് എഴുതിയതുകൊണ്ട് **2020-ാം വർഷം തുടങ്ങാൻ തീരുമാനിച്ചു.**

ഇപ്പോൾ 2020 ഏപ്രിൽ മാസത്തിന് ശേഷം വീട്ടു പ്രാർത്ഥനയും വായന ക്കാരുടെ വീടു സന്ദർശന ശുശ്രൂഷയും ചെയ്യാൻ ഭാരപ്പെടുന്നു. എന്റെ വായന ക്കാരിൽ പലരും തുടർന്ന് എന്റെ ദൈവവേലയ്ക്ക് വേണ്ടി പണസഹായം ചെയ്തു കൊണ്ടിരിക്കുന്നു. പക്ഷെ അവരുടെ ആത്മീയ ജീവിതം എങ്ങനെയിരിക്കുന്നു വെന്നും മാനസാന്തര അനുഭവം അവർക്കുണ്ടോ എന്നും, പിൻമാറ്റത്തിലാണോ ? എന്നും ഈ വീടു സന്ദർശന ശുശ്രൂഷ മൂലം അറിയാൻ കഴിയും. അശുദ്ധാത്മാ വിന്റെ ബന്ധനത്തിൽ ചില വീടുകൾ അകപ്പെട്ടിരിക്കുന്നത് ഞാൻ അറിയുന്നു. എന്നെ സഹായിക്കുന്ന ചിലർ മദ്യത്തിന് അടിമയായിരിക്കുന്നു എന്ന് അറിയുന്നു. എന്റെ വായനക്കാരെന്നു പറയപ്പെടുന്നവരെല്ലാവരും എന്റെ സ്വന്തം കുടുംബമാ യിട്ടാണ് ഞങ്ങൾ കരുതുന്നത്. അതുകൊണ്ടാണ് വീടു സന്ദർശന ശുശ്രൂഷയെ ഞാൻ തുടങ്ങാൻ തീരുമാനിച്ചത്.

**കണ്ടീഷൻ :** ഞങ്ങൾ നിങ്ങളുടെ വീടു സന്ദർശിക്കണം എന്ന് നിങ്ങൾ ആഗ്ര ഹിച്ചാൽ വീടു സന്ദർശിക്കുമ്പോൾ ഞങ്ങൾക്ക് സ്തോത്രക്കാഴ്ചയുടെ പേരിൽ പണം കൊടുക്കാൻ ശ്രമിക്കരുത്. ചായ കാപ്പി, ആഹാരങ്ങൾ ഒന്നും കൊടു ക്കാൻ പാടില്ല. ഞങ്ങൾക്ക് ഞങ്ങളുടെ വയറ് വളരെ പ്രധാനമാണ്. സന്ദർശിക്കുന്ന ഓരോ വീട്ടിൽ നിന്നും വിവിധങ്ങളായ ഭക്ഷണങ്ങൾ കഴിക്കുമ്പോൾ ഞങ്ങളുടെ

വയറിന് അസ്വസ്ഥതയുണ്ടാകും. അതുകൊണ്ടാണ് ഞങ്ങൾ അത് വേണ്ട എന്നു പറയുന്നത്. എന്നാലും അവരുടെ മനസ്സ് വേദനിപ്പിക്കാത്ത തരത്തിൽ പച്ചവെള്ളം മാത്രം കുടിക്കും.

☐ വീടു സന്ദർശന സമയത്ത് നിങ്ങൾ കുടുംബമായി എല്ലാവരും വീട്ടിലുള്ള സമയം എന്നെ അറിയിക്കണം.

☐ മാത്രമല്ല നിങ്ങളുടെ വീട്ടിലേക്ക് ഞാൻ വരുന്നത് നിങ്ങളുടെ സഭയിലെ അച്ചനോ ബിഷപ്പിനോ, പാസ്റ്റർമാർക്കോ ഇഷ്ടമില്ലെങ്കിൽ അത് എന്നെ അറിയിക്കണം. അവർക്കിഷ്ടമില്ലാതെ ഞാൻ നിങ്ങളുടെ വീട്ടിൽ വരുന്നത് നിങ്ങൾക്ക് പ്രശ്ന മുണ്ടാകും.

☐ **യേശുക്രിസ്തു ദൈവവേലക്കാരോട് പറഞ്ഞതെന്തെന്നാൽ "നിങ്ങളെ സ്വീ കരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു." അതിന്റെ അനുഗ്രഹങ്ങൾ ആ കുടും ബക്കാർക്ക് കിട്ടും.**

☐ **നിങ്ങൾ ഏതു വീട്ടിൽ ചെന്നാലും സമാധാനം എന്നു പറയുക. ആ അനുഗ്ര ഹത്തിന് അവർ യേഗ്യരല്ലെങ്കിൽആ സമാധാനം നിങ്ങളുടെ അടുക്കലേക്കു തിരിച്ചു വരും.**

☐ **കർത്താവ് എനിക്ക് ആത്മാവിനെ വിവേചിച്ചറിയുന്ന കൃപയും വരവും എപ്പോൾ എന്നെ ഏൽപ്പിച്ചോ അന്നുമുതലാണ് ജാമക്കാരനിൽ തെറ്റായ ഉപ ദേശങ്ങളും കുറിപ്പും, തെറ്റായ ദൈവവേലക്കാരെ കുറിച്ചും, തെറ്റായ ഉപ ദേശങ്ങളെ കൈകൊള്ളുന്ന സഭയെക്കുറിച്ചും ധൈര്യമായി എഴുതാൻ തുട ങ്ങിയത്.**

ഞാൻ സി. എസ്. ഐ സഭയുടെ അംഗമായിരുന്നാലും എന്റെ സി. എസ്. ഐ സഭയുടെ അഴിമതികളെക്കുറിച്ചും ബിഷപ്പുമാരുടെ അഴിമതികളെക്കു റിച്ചും എഴുതുവാൻ എനിക്ക് ധൈര്യം ലഭിച്ചു.

ജാമക്കാരൻ എന്നപേരും എനിക്ക് തന്ന് ആത്മാവിനെ വിവേചിച്ച് അറി യുന്ന ***(Deserining Spirit)*** കൃപയേയും, വരത്തേയും കർത്താവ് ചേർത്ത് തന്നപ്പോഴേ എനിയ്ക്ക് ദൈവം നല്കിയ ഈ ആപത്തായ മാസിക ശുശ്രൂഷയെക്കുറിച്ച് കുറേശേ കുറേശേ എനിക്ക് മനസ്സിലാകാൻ തുടങ്ങി.

ഈ വേലയിൽ ഉണ്ടാകുന്ന അപമാനത്തെയും, സഭയെ വിട്ട് പുറത്താക്കും എന്നുള്ള ആപത്തെക്കുറിച്ചും നേരത്തെ ദൈവം അറിഞ്ഞ് എന്നെ ഒരുക്കി ഉപയോഗിയ്ക്കാൻ തുടങ്ങി. ഞാനും അതിനായിട്ട് എന്നെ ഏല്പിച്ചു കൊടുത്തു. ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

**ദൈവത്തിന്റെ** ആലോചന ഒട്ടും **മറച്ചുവയ്ക്കാതെ** ഞാൻ (ജാമക്കാരൻ വായനക്കാരായ നിങ്ങൾക്ക്) മുഴുവനും അറിയിച്ചു തന്നിരിക്കുന്നുവല്ലോ? അതുകൊണ്ട് നിങ്ങളിൽ ആരെങ്കിലും നശിച്ചുപോയാൽ ഞാൻ കുറ്റക്കാരനല്ല എന്ന് ഞാൻ ഇന്നേ ദിവസം നിങ്ങളോടു സാക്ഷ്യം പറയുന്നു. (അപ്പോ 20:27,26)

# ജാമക്കാരൻ വായനക്കാരായ നിങ്ങൾ എല്ലാപേർക്കും 2020 നവവത്സരാംശസകൾ ഞങ്ങൾ കുടുംബമായി ആശംസിക്കുന്നു.



നിങ്ങൾ എല്ലാപേരും സമാധാനത്തോടും സമൃദ്ധിയായും ജീവിച്ചു ആരോഗ്യത്തോടെ ക്രിസ്തുവിനു സാക്ഷിയാകാൻ ദൈവം നിങ്ങൾക്കെല്ലാപേർക്കും അനുഗ്രഹം നൽകുമാറാകട്ടെ.

**JANUARY-2020**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.